
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# വിശുദ്ധ ചാവറയച്ചനും പള്ളിപ്പുറവും

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പള്ളിപ്പുറത്തമ്മയുടെ
(സ്വർഗ്ഗാരോപിത
മാതാവിന്റെ)
പ്രധാന തിരുസ്വരൂപം



വി. ലൂക്കാ
സുവിശേഷകൻ
വരച്ചു എന്നു
വിശ്വസിക്കപ്പെടുന്ന
പരി. ദൈവമാതാവിന്റെ
ചിത്രത്തിന്റെ
പകർപ്പാണ് ഇവിടുത്തെ
പ്രധാന പ്രതിഷ്ഠ

മാർ തോമാശ്ലീഹ കോക്കമംഗലത്ത് സ്ഥാപിച്ച
വി. കുരിശ്, വേമ്പനാട്ട് കായലിലൂടെ
ഒഴുകി 'മാട്ടേൽ' ദ്വീപിലടിയുകയും
അത് അത്ഭുതകരമായി കണ്ടെത്തിയപ്പോൾ
കൊണ്ടുവന്ന് പള്ളിപ്പുറം പള്ളിയുടെ
വടക്കുവശത്തുള്ള ചാപ്പലിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.






വൈക്കത്തിന്റേയും പള്ളിപ്പുറത്തിന്റേയും ഇടയിൽ
വേമ്പനാട് കായലിലുള്ള ചെറിയ തുരുത്താണ്
മാട്ടേൽ. ഇവിടെ വന്നടിഞ്ഞ് വിസ്മൃതിയിലാണ്ടു
കിടന്ന വിശുദ്ധ കുരിശ് കണ്ടെത്തിയ സ്ഥലത്താണ്
ഇപ്പോൾ മാട്ടേൽ മാർതോമാ തീർത്ഥാടന കേന്ദ്രം
സ്ഥിതിചെയ്യുന്നത്.

മാട്ടേൽ തുരുത്തിൽ കണ്ടെത്തിയ കുരിശിൽ നിന്ന് രക്തം
വരുന്നതു കണ്ട് ഭയവിഹ്വലരായ സ്ത്രീകൾ അക്കാര്യം
പള്ളിപ്പുറം കരയിലുള്ള വിശ്വാസികളെ അറിയിക്കുകയും
അവർ ആഘോഷപൂർവ്വം വി. കുരിശ് പള്ളിപ്പുറത്ത്
കൊണ്ടുവരികയും കായൽത്തീരത്ത് ഒരു ദേവാലയം
പണിത് അവിടെ സ്ഥാപിക്കുകയും ചെയ്തു. ഇതാണ്
കുരിശുപുരപള്ളി എന്നറിയപ്പെടുന്ന ദേവാലയം.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# വിശുദ്ധ ചാവറയച്ചനും പള്ളിപ്പുറവും

ജെ. നാലുപറയിൽ

www.TheCMSIndia.org

# ഉള്ളടക്കം


1. ചാവറക്കാലത്തെ കേരളം .................................................... 3
2. കുട്ടനാട്ടിൽ വീണ ദൈവവിത്ത്.................................................... 5
3. ഗുരുകുലമായത് പള്ളിപ്പുറം സെമിനാരി.................................... 8
4. ചാവറ തുടങ്ങി, കാലമേറ്റെടുത്ത പലതും ......................... 11
5. എല്ലാവഴിയും സഭയിലേയ്ക്ക് ............................................. 16
6. കൂനമ്മാവിലെ വർഷങ്ങൾ .................................................... 20
7. ആനന്ദത്തോടെ അന്ത്യദിനം ............................................. 22



© Author



VISUDHA CHAVARA - NAVODHANA PITHAVE
(Malayalam)
Biography

By J. Naluparayil


Contributors : Fr. Shobin Kudiyiruppil, Fr. Tony Kattampallil

Cover & Layout : Abdu Nellimattathil
Illustrations : Sathish K.
Typing : Sreejith George, Nisha Binu
Publishers : Karunikan Books
Printed at : Don Bosco IGACT, Kochi - 28



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# 1

# ചാവറക്കാലത്തെ കേരളം

ചാവറയച്ചൻ ജനിച്ചതും വളർന്നതും ജീവിച്ചതും 19-ാം നൂറ്റാണ്ടിലെ കേരളത്തിലാണ്. അന്ന് കേരളം പോലുമില്ല; തിരുവിതാംകൂറും കൊച്ചിയും മലബാറും മാത്രം. അന്നത്തെ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ അവസ്ഥ ഇന്നത്തേതിൽ നിന്നും ഏറെ വ്യത്യസ്തമായിരുന്നു.

## സാമൂഹിക പശ്ചാത്തലം

ജാതിവ്യവസ്ഥ കേരള സമൂഹത്തെ വരിഞ്ഞു മുറുക്കിയ കാലമായിരുന്നു അത്. സവർണ്ണാധിപത്യമായിരുന്നു എവിടെയും. അവർണ്ണർക്ക് വഴിനടക്കാനും ക്ഷേത്രത്തിൽ പ്രവേശിക്കാനും അനുവാദമില്ലായിരുന്ന കാലം. തൊടലും തീണ്ടലും കർക്കശ്യത്തോടെ അനുഷ്ഠിച്ചിരുന്ന നാട്.

## സഭാപരമായ പശ്ചാത്തലം

വാസ്കോഡി ഗാമയുടെയും (1498) ഫ്രാൻസീസ് സേവ്യറിന്റെയും (1542) വരവിനു ശേഷമാണ് പാശ്ചാത്യരുടെ മിഷൻ വേലയും സഭാപ്രവർത്തനവും ഭാരതത്തിൽ ശക്തിപ്പെട്ടത്. നാലാം പീയൂസ് പാപ്പാ അങ്കമാലി മെത്രാപ്പോലീത്തയായി നിയമിച്ച (1564) മാർ അബ്രാഹമിന്റെ മരണത്തോടെ മിഷനറിമാരും മാർത്തോമാ നസ്രാണികളും തമ്മിലുള്ള സംഘർഷത്തിന് പശ്ചാ

www.TheCMSIndia.org

ത്തലമൊരുങ്ങി. ഉദയം പേരൂർ സൂന്നഹദോസിനു ശേഷം (1599) ഫ്രാൻസീസ് റോസ് സുറിയാനിക്കാരുടെ ആദ്യത്തെ ലത്തീൻ മെത്രാനായി വരുകയും, പിന്നീട് 1647-ൽ ആർച്ചു ഡീക്കന്റെ സ്ഥാനത്ത് ഒരു ലത്തീൻ വൈദികനെ വികാരി ജനറാളായി നിയമിക്കുകയും ചെയ്തതോടെ രംഗം വഷളായി.

ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ അഹത്തുള്ള മെത്രാനെ സ്വീകരിക്കാൻ കൊച്ചി തുറമുഖത്തേക്കു പോയ നസ്രാണി സംഘമാണ് കൂനൻ കുരിശു സത്യത്തിലും (1653) ആർച്ചുഡീക്കൻ തോമസിന്റെ മെത്രാഭിഷേകത്തിലും ചെന്നെത്തിയത്.

പിന്നീടിങ്ങോട്ട് സ്വയംഭരണത്തിനും സ്വത്വസംരക്ഷണത്തിനുമുള്ള പരിശ്രമങ്ങൾ മാർത്തോമ്മാ നസ്രാണികളിലെ കത്തോലിക്കാ വിഭാഗത്തിൽ ശക്തിപ്പെട്ടു. 1662-ൽ പോർച്ചുഗീസുകാരെ പരാജയപ്പെടുത്തി ഡച്ചുകാർ കൊച്ചി കീഴടക്കുന്നതോടെയാണ് പറമ്പിൽ ചാണ്ടി മെത്രാൻ സുറിയാനിക്കാരുടെ മെത്രാനാകുന്നത് (1663-1687).

ഒരു നൂറ്റാണ്ടിനു ശേഷമായിരുന്നു പാറേമാക്കൽ തോമാ കത്തനാരുടെയും കരിയാറ്റി കത്തനാരുടെയും റോമായാത്ര (1778-1786). കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി കരിയാറ്റി ലിസ്ബണിൽ വച്ച് (1783) അഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ ഗോവയിലെത്തിയപ്പോൾ അദ്ദേഹം മരിച്ചു (1786). തന്റെ മരണത്തിനു മുമ്പ് കരിയാറ്റി മെത്രാപ്പോലീത്ത പാറേമാക്കൽ തോമാ കത്തനാരെ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗവർണ്ണറായി (അഡ്മിനിസ്ട്രേറ്റർ) നിയമിച്ചു. പിന്നീട് 1799-ൽ മരിക്കുന്നതുവരെ അദ്ദേഹം അതിരൂപതയെ ഭരിച്ചു. ഇത്തരമൊരു അന്തരീക്ഷത്തിലാണ് ചാവറയച്ചൻ ജീവിതം ആരംഭിക്കുന്നത്.


അതേ സമയം തന്നെ ഈശോസഭാ മിഷനറിമാരുടെയും (1548 മുതൽ) കർമലീത്താ മിഷനറിമാരുടെയും (1653 മുതൽ) പരിശ്രമഫലമായി വളർന്നുവന്ന ലത്തീൻ കത്തോലിക്കാ സഭയും കേരളത്തിൽ നിലവിലുണ്ടായിരുന്നു.

## രാഷ്ട്രീയ സാഹചര്യം

മാർത്തോമ്മാ നസ്രാണികൾ കേന്ദ്രീകരിച്ചിരുന്ന പ്രദേശങ്ങൾ പ്രധാനമായും തിരുവിതാംകൂർ രാജ്യത്തിലും കൊച്ചി രാജ്യത്തിലും പെടുന്നവയായിരുന്നു. പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും സ്വാധീനങ്ങൾക്കു ശേഷം ഇവിടങ്ങളിൽ ബ്രിട്ടീഷുകാർ ആധിപത്യമുറപ്പിക്കുന്ന കാലമായിരുന്നു അത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തിരുവിതാംകൂറും (1795) കൊച്ചിയും (1791) ബ്രിട്ടീഷുകാരുടെ സാമന്ത രാജ്യങ്ങളായി. ■


CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## 2

# കുട്ടനാട്ടിൽ വീണ ദൈവവിത്ത്

### കൈനകരി (1805 - 1817)

*ചാവറയച്ചൻ ജനിച്ചത് കുട്ടനാട്ടിലെ കൈനകരിയിലാണ്; 1805 ഫെബ്രുവരി 10ന്. ചാവറ തറവാട്ടിൽ വളർന്ന കുര്യാക്കോസ് കളരിയിലെ പ്രാഥമിക വിദ്യാഭ്യാസവും ഇടവക വികാരിയുടെ കീഴിലെ ആത്മീയ പരിശീലനവുമായി 1817 വരെ കൈനകരിയിൽ/ചേന്നങ്കരിയിൽ ചിലവഴിച്ചു.*

തിരുവിതാംകൂറിന്റെ മധ്യഭാഗത്തായി. വേമ്പനാട്ടുകായലിനെ തൊട്ടുകിടക്കുന്ന ഗ്രാമ സമുച്ചയമാണ് കുട്ടനാട്. പമ്പാനദിയും അതിന്റെ കൈവഴികളുമാണ് നാഡീഞരമ്പുപോലെ കുട്ടനാടിനെ ജലസമൃദ്ധമാക്കുന്നത്. പമ്പയോടൊപ്പം അച്ചൻകോവിലാറും മീനച്ചിലാറും കൂടിയാൽ കുട്ടനാടിന്റെ സ്രോതസ്സുകളായി.

വിസ്തൃതങ്ങളായ പുഞ്ചപ്പാടങ്ങൾ. അവയുടെ ചുറ്റുമുള്ള ബണ്ടിനു ബലമേകി നിരനിരയായി നില്ക്കുന്ന കേരവൃക്ഷങ്ങൾ. പുഞ്ചപ്പാടങ്ങളുടെ മധ്യത്തിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ഹരിതാഭമാർന്ന പച്ചത്തുരുത്തുകൾ. ആലപ്പുഴ നിന്ന് ചങ്ങനാശ്ശേരിക്കുള്ള ബോട്ടിൽ അരമണിക്കൂർ യാത്ര ചെയ്താൽ കൈനകരിയിലെത്താം. ഇന്നത്തെ കൈനകരി പള്ളിക്ക് അല്പം



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വടക്കുമാറിയായിരുന്നു ചാവറ കുടുംബം. അവിടെ 1805 ഫെബ്രുവരി 10ന് കുര്യാക്കോസ് - മറിയം ദമ്പതികളുടെ ആറുമക്കളിൽ ഇളയവനായി കുര്യാക്കോസ് ജനിച്ചു.

## മാമ്മോദീസ - ചേന്നങ്കരി പള്ളി

കൈനകരിയിൽ അന്ന് പള്ളി ഉണ്ടായിരുന്നില്ല. ആ പ്രദേശം ചേന്നങ്കരി ഇടവകയിൽ പെട്ടതായിരുന്നു. ഫെബ്രുവരി 16 ന് ചേന്നങ്കരി പള്ളിയിൽ വച്ച് ശിശുവിനെ മാമ്മോദീസാ മുക്കി. മുറപ്രകാരം അപ്പന്റെ പേരു തന്നെ കുഞ്ഞിനു നല്കി - കുര്യാക്കോസ്. ദൈവത്തിന്റെ സ്വന്തമെന്ന് പേരിന്റെ അർത്ഥം.

സ്നേഹസമ്പന്നരും നല്ലവരുമായ മാതാപിതാക്കളായിരുന്നു കുഞ്ഞു കുര്യാക്കോസിന്റെ സ്വഭാവത്തെ രൂപപ്പെടുത്തിയത്. മുലപ്പാലിനോട് കൂടി വിശ്വാസവും ചേർത്ത് തന്ന് അമ്മ തന്നെ വളർത്തിയെന്നാണ് ചാവറയച്ചൻ ഓർമ്മിക്കുന്നത്. താൻ ദൈവത്തെ അറിഞ്ഞതും പ്രാർത്ഥനകൾ പഠിച്ചതും അമ്മയിൽ നിന്നാണെന്നും 'ആത്മാനുതാപം' എന്ന കവിതയിൽ അദ്ദേഹം എഴുതുന്നു:

*പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ*
*അയ്യം കൂടാതെ തന്നു മതാവിനെ*
*അന്നവൾക്കു നീ നല്കിയ സ്നേഹത്താൽ*
*അമൃതപാനം തന്നു വളർത്തുമ്പോൾ*
*അതിനോടു കലർത്തി ജപങ്ങളും*
*അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചു തന്നവൾ*

## വെച്ചൂർ പള്ളിയിൽ

വൈക്കത്തിന് സമീപത്തുള്ള വെച്ചൂർ പള്ളി അന്ന് മാതാവിന്റെ പ്രശസ്തമായ പള്ളിയായിരുന്നു. കുഞ്ഞുന്നാളിൽ തന്നെ മാതാപിതാക്കൾ കുഞ്ഞുകുര്യാക്കോസിനെ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി മാതാവിന് അടിമവച്ച് പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിന് ഏല്പിച്ചു.

### അമ്മയുടെ പ്രാർത്ഥന

പുണ്യവതിയായ അമ്മയുടെ പ്രാർത്ഥനകൊണ്ട് ചാവറ ഭവനം നിറയുമായിരുന്നു. പാതിരാവിൽ അമ്മ പ്രാർത്ഥിക്കാനായി ഉണരുമ്പോൾ കൊച്ചു കുര്യാക്കോസും കൂടെ ഉണർന്നിരുന്നു. പ്രാർത്ഥന കഴിഞ്ഞ് വീണ്ടും ഉറക്കത്തിലേക്ക് മയങ്ങിവീഴുമ്പോൾ അമ്മയുടെ ജപങ്ങൾ മനസ്സിൽ മാറ്റൊലി കൊണ്ടിരുന്നതായി ചാവറയച്ചൻ എഴുതുന്നു:

*...രാത്രി പാതിരാ നേരത്തും*
*മന്ദം നീക്കി ഉണർന്നെഴുന്നേറ്റിട്ടു*
*മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോൾ...*



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

*എന്നീവണ്ണമോരോരോ ജപങ്ങളെ*
*നന്ദിയോടുച്ചരിക്കുന്ന നേരത്തു*
*മന്ദമായതു കേട്ടിരുന്നും കൊണ്ടാ*
*സുന്ദരിയുടെ പദേയുറങ്ങി ഞാൻ.*

## കളരി വിദ്യാഭ്യാസം

അന്ന് സ്കൂളുകൾ ഉണ്ടായിരുന്നില്ല. 1817-ൽ സ്വാതിതിരുനാൾ മഹാരാജാവാണ് ആദ്യമായി സർക്കാർ സ്ക്കൂൾ ആരംഭിക്കുന്നത്. കുര്യാക്കോസിന്റെ വിദ്യാഭ്യാസം ആരംഭിക്കുന്നത് അഞ്ചുവയസ്സിലാണ് - ആശാൻ കളരിയിൽ.

ആശാന്മാരിൽ മഹാഭൂരിപക്ഷം അക്രൈസ്തവ പണ്ഡിതരായിരുന്നു. അഞ്ചുവയസ്സുള്ളപ്പോൾ ആശാൻ തന്നെ എഴുത്തിനിരുത്തിയതിനെക്കുറിച്ച് ചാവറയച്ചൻ എഴുതുന്നത് ഇപ്രകാരമാണ്:

*ഇങ്ങനെ പഞ്ചവത്സരം ചെന്നപ്പോൾ*
*അങ്ങൊരു ഗുരുവജ്ഞാനി ശ്രേഷ്ഠനായ്*
*അണ്ണാവിയവൻ ചാരത്തിരുന്നിട്ട്*
*തണ്ഡുലം തന്നിൽ കൈയാൽ വരപ്പിച്ചു*

## ദൈവിക വഴി

കുര്യാക്കോസിന് 10 വയസ്സ്. അറിവുകൊണ്ടും, വിശുദ്ധികൊണ്ടും അന്ന് പ്രശ സ്തനായിരുന്നു പള്ളിപ്പുറംകാരൻ പാലയ്ക്കലച്ചൻ. അദ്ദേഹം തന്റെ ഇളയമ്മയെ കാണാൻ കൈനകരിയിലെ കാളാശ്ശേരി വീട്ടിൽ ചെന്നപ്പോഴാണ് കുഞ്ഞുകുര്യാക്കോസിനെ കണ്ടുമുട്ടിയത്. അവന്റെ പെരുമാറ്റത്തിലും സ്വഭാവത്തിലും മല്പാൻ ആകൃഷ്ഠനായി. അവനെ സെമിനാരിയിലേക്ക് കൊണ്ടുപോകാനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചു.

ഇളയ മകനെ ഇത്ര ചെറുപ്പത്തിലേ വേർപിരിയുക മാതാപിതാക്കൾക്ക് ഓർക്കാൻ കൂടി വയ്യായിരുന്നു. അതുകൊണ്ട് മല്പാനച്ചന്റെ വാക്കുകൾ അവരെ സങ്കടത്തിലാഴ്ത്തി.


അതോടെ മല്പാനച്ചൻ കുഞ്ഞുകുര്യാക്കോസിനെ അകലയുള്ള സെമിനാരിയിലേക്ക് കൊണ്ടുപോകുന്നില്ലെന്നു തീരുമാനിച്ചു. തത്ക്കാലം അവൻ ചേന്നങ്കരി പള്ളിയിൽ താമസിച്ച് കുർബാനയ്ക്ക് കൂടാനും മറ്റും പഠിക്കട്ടെയെന്നു പറഞ്ഞു.

അങ്ങനെ തുടക്കത്തിൽ വികാരിയച്ചനായിരുന്നു കുര്യാക്കോസിന്റെ ഗുരു. അദ്ദേഹത്തിന്റെ ആത്മീയ ശിക്ഷണം കുഞ്ഞുകുര്യാക്കോസിൽ വലിയ സ്വാധീനം ചെലുത്തി. പതിമൂന്നു വയസ്സുവരെ ചേന്നങ്കരി ഇടവകപള്ളിയിൽ ഗുരുശ്രേഷ്ഠനായ വികാരിയച്ചന്റെ ശിക്ഷണത്തിലാണ് കുഞ്ഞുകുര്യാക്കോസ് കഴിഞ്ഞത്. ■



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



3

# ഗുരുകുലമായത് പള്ളിപ്പുറം സെമിനാരി

## പള്ളിപ്പുറം (1817 - 1829)

***1817 മുതലുള്ള 12 വർഷമായിരുന്നു കുര്യാക്കോസിന്റെ സെമിനാരി ജീവിതം- ചേർത്തലയ്ക്ക് അടുത്തുള്ള പള്ളിപ്പുറത്ത്.***

പാലയ്ക്കൽ തോമാച്ചൻ 1817-ൽ പള്ളിപ്പുറം സെമിനാരിയിലേക്കാണ് കുര്യാക്കോസിനെ കൂട്ടിക്കൊണ്ടു വന്നത്. അന്ന് കുര്യാക്കോസിന് 13 വയസ്സ് പ്രായമായിരുന്നു. 1790-ൽ ടിപ്പുസുൽത്താന്റെ അക്രമണമുണ്ടായപ്പോൾ വടക്കൻ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾ തെക്കൻ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. അക്കൂട്ടത്തിൽ കുത്തിയതോട്ടിൽ സെമിനാരി നടത്തിയിരുന്ന അബ്രാഹം മല്പാനും ശിഷ്യരും ഉണ്ടായിരുന്നു. അവർ പള്ളിപ്പുറത്ത് എത്തി. അങ്ങനെയാണ് പള്ളിപ്പുറത്ത് സെമിനാരിയുടെ തുടക്കം. അബ്രാഹം മല്പാനച്ചന്റെ ശിഷ്യനായി പഠിച്ച പാലയ്ക്കൽ തോമാച്ചനാണ് പിന്നീടിവിടെ മല്പാനായത്.

'മല്പാൻ' എന്ന സുറിയാനി വാക്കിന് പ്രൊഫസർ എന്നോ ഗുരു എന്നോ അർത്ഥം പറയാം. വൈദികരാകാൻ താല്പര്യമുള്ളവർ മല്പാൻ ഭരിക്കുന്ന



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇടവകയിലെ പള്ളി മുറിയോട് ചേർന്ന് അദ്ദേഹത്തോടൊപ്പം താമസിച്ചു പഠിക്കുകയായിരുന്നു പതിവ്. ഒരുതരം ഗുരുകുല വിദ്യാഭ്യാസ രീതി.

ആകെ എട്ടുപേരായിരുന്നു പള്ളിപ്പുറം സെമിനാരിയിലെ ശെമ്മാശന്മാർ. അന്നത്തെ പള്ളിയുടെ വടക്കേ അറ്റത്തായി വിസ്താരമുള്ള ഒരു വരാന്തയുണ്ടായിരുന്നു. അതിന്റെ കിഴക്കേ അറ്റത്തുള്ള മുറി മല്പാനച്ചന്റേതാണ്. പടിഞ്ഞാറേ അറ്റത്തുള്ള മുറിയും നടുവിലെ നീളമുള്ള വരാന്തയും ചേരുന്നതാണ് സെമിനാരി. വരാന്തയുടെ മധ്യത്തിൽ വലിയൊരു മേശ. അതിന്റെ കിഴക്കേ അറ്റത്തു മാത്രമേ ഒരു കസേരയുള്ളു. ഇരുവശങ്ങളിലും ബഞ്ചു മാത്രം.

ചാവറയച്ചൻ എഴുതുന്നു-*കസേരയിൽ മല്പാനച്ചൻ ഇരിക്കും; ഞങ്ങൾ ഇരുവശവും. ആവശ്യമുള്ള സമയങ്ങളിൽ കഞ്ഞി, ചോറ്, പ്രകൃതിക്കുള്ള ആവശ്യങ്ങൾ എന്നിവയ്ക്കായി പോകും. അഞ്ചു മണിക്ക് പുറത്തിറങ്ങി നടക്കുന്നതൊഴിച്ചുള്ള സമയങ്ങളിൽ അവിടെ തന്നെയിരുന്നു പഠിക്കണം.*

ചുരുങ്ങിയ കാലം കൊണ്ടു കുര്യാക്കോസ് ശെമ്മാശനെക്കുറിച്ച് മല്പാനച്ചന് മതിപ്പായി. അതിനാൽ ആസ്തപ്പാടു പട്ടം കൊടുക്കാൻ തീരുമാനമായി. അങ്ങനെ കുര്യാക്കോസ് പതിമൂന്നാം വയസ്സിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന പീറ്റർ ദെ അൽക്കാന്ത്ര മെത്രാനിൽ നിന്നും ആസ്തപ്പാടു പട്ടം സ്വീകരിച്ചു.

## തമിഴ് പഠനം

അന്നത്തെ സെമിനാരിയിലെ ഏറ്റവും വലിയ പ്രതിസന്ധി നല്ല പുസ്തകങ്ങളുടെ അഭാവമായിരുന്നു. തമിഴ്നാട്ടിലെ ഈശോ സഭക്കാരുടെ കൈവശം തമിഴിലേക്ക് ഭാഷാന്തരം ചെയ്ത ചില നല്ല പുസ്തകങ്ങളുണ്ടെന്ന് അറിഞ്ഞ മല്പാനച്ചൻ അവിടെ പോയി അത് ശേഖരിച്ചു. ജ്ഞാനമുത്ത്, ജ്ഞാനസഞ്ജീവനി, ഏഴാഴ്ച പുതുമ, നക്ഷത്രമാല, പുരാണിമം, പശ്ചിമം എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം പലയിടങ്ങളിൽ നിന്നായി സംഘടിപ്പിച്ചു.

പല ഗ്രന്ഥങ്ങളും തന്റെ വിദ്യാർത്ഥികളെ കൊണ്ട് അദ്ദേഹം പകർത്തി എഴുതി സൂക്ഷിച്ചു. നാളാഗമത്തിൽ ചാവറയച്ചൻ എഴുതുന്നു - *ഇതു കൂടാതെ പള്ളിപ്പുറത്ത് പതിയാമൂലയിൽ തരീത് എന്ന ബുദ്ധിയുള്ള പയ്യനെ നിറുത്തി എഴുതാൻ പഠിപ്പിച്ചു. അവനെകൊണ്ടും പല പുസ്തകങ്ങൾ എഴുതി ഉണ്ടാക്കി.*

പുസ്തക വായനക്ക് തമിഴ് ഭാഷ പഠിക്കേണ്ടത് ആവശ്യമായിരുന്നു. മല്പാനച്ചൻ തന്നെയായിരുന്നു ഈ കാര്യത്തിലും കുര്യാക്കോസ് ശെമ്മാശന്റെ ഗുരു.

## ജീവിത പരീക്ഷണം

ഒരു ദിവസം കൈനകരിയിൽ നിന്നും കുര്യാക്കോസിന്റെ ബന്ധുക്കൾ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സങ്കടകരമായ ഒരു വാർത്തയുമായി പള്ളിപ്പുറത്ത് എത്തി. കുട്ടനാടിൽ പടർന്നു പിടിച്ച ഭീകരമായ പകർച്ച വ്യാധിയിൽ കുര്യാക്കോസിന്റെ മാതാ പിതാക്കളും ഏക സഹോദരനും മരിച്ചു പോയി! ചാവറ കുടുംബത്തിൽ ആൺതരിയായി ഇനി ആരുമില്ല. കുടുംബം അന്യം നിന്നുപോകാതിരി ക്കാൻ കുര്യാക്കോസ് പട്ടം ഉപേക്ഷിച്ച് വീട്ടിലേക്ക് തിരിച്ചു വരണം!

അസാധാരണമായ സംയമനത്തോടെ കുര്യാക്കോസ് ശെമ്മാശ്ശൻ എല്ലാം കേട്ടു. എന്നിട്ടു ശാന്തമായി മറുപടി പറഞ്ഞു-കർത്താവാണ് എന്റെ ഓഹരി. അതിനാൽ തിരഞ്ഞെടുത്ത ദൈവികപാതയിൽ നിന്ന് പിന്തിരിയാനില്ല.

എന്നിരുന്നാലും ചാവറ കുടുംബം അന്യംനിന്നു പോകാതിരിക്കാനുള്ള പ്രായോഗിക മാർഗ്ഗവും കുര്യാക്കോസ് ശെമ്മാശ്ശൻ തന്നെ കണ്ടുപിടിച്ചു. ശെമ്മാശ്ശൻ നേരെ എടത്വാ ചെക്കിടിക്കാട്ടുള്ള വല്ലേലിലേക്ക് പോയി. പെങ്ങ ളെയും അളിയനെയും കാര്യങ്ങൾ പറഞ്ഞു മനസിലാക്കി. ജ്യേഷ്ഠന്റെ മകളെ വളർത്താനും കുടുംബം നോക്കാനുമുള്ള ഉത്തരവാദിത്വം അവരെ ഏൽ പിച്ചു.

## ലത്തീൻ പഠനം

മലയാളവും തമിഴും സുറിയാനിയും സെമിനാരി പഠനത്തിലൂടെ ശെമ്മാ ശന് വശമായെങ്കിലും ലത്തീൻ ഭാഷ കൂടി വശത്താക്കേണ്ടതുണ്ടെന്ന് മല്പാനച്ചൻ തീരുമാനിച്ചു. വരാപ്പുഴ സെമിനാരിയിൽ പോയി ലത്തീൻ പഠി ക്കാൻ മൂന്നു ശെമ്മാശ്ശന്മാരെ അദ്ദേഹം തിരഞ്ഞെടുത്തു – അവരുടെ പഠനം പുരോഗമിച്ചു. എന്നാൽ ആ പ്രദേശത്ത് പകർച്ചവ്യാധി പടരുകയും അനേകം പേർ മരിക്കുകയും ചെയ്തപ്പോൾ പഠനം ഇടയ്ക്കു വച്ച് നിർത്തി അവർക്ക് പള്ളിപ്പുറത്തേക്ക് തിരിച്ചു പോരേണ്ടി വന്നു.

തങ്കിപ്പള്ളിയിലെ വികാരി മെയിൻ പാദ്രി ഒരു ബഹുഭാഷാപണ്ഡിതനാ യിരുന്നു. ഉടനെ തന്നെ പാദ്രിയെ ചെന്നു കാണുകയും തങ്കിപ്പള്ളിയിൽ ഭാഷാ പഠനം തുടരുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു.

## കൊച്ചു മല്പാൻ


പല ആവശ്യങ്ങൾക്കും ഇടക്കിടെ മല്പാനച്ചനെ വരാപ്പുഴ അരമനയിൽ നിന്നും വിളിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ സഹപാ ഠികളെ പഠിപ്പിക്കുന്നതിനും പൊതുകാര്യങ്ങൾ നിയന്ത്രിക്കുന്നതിനും മല്പാ നച്ചൻ കുര്യാക്കോസ് ശെമ്മാശനെ ചുമതലപ്പെടുത്തിയിരുന്നു. മല്പാന ച്ചനെ വിസ്മയിപ്പിക്കുന്ന രീതിയിലാണ് കുര്യാക്കോസ് ശെമ്മാശൻ ആ ചുമതലകൾ നിർവ്വഹിച്ചത്.

1827-ൽ മിലെസ്പ്രെൻഡുഗാസ്റ്റ് മെത്രാൻ കുര്യാക്കോസ് ശെമ്മാശന് അഞ്ചാം പട്ടം കൊടുത്തു. പിറ്റേ വർഷം 1828-ൽ മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്ന് കുര്യാക്കോസ് ഡീക്കൻപട്ടവും സ്വീകരിച്ചു. ■



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# 4

# ചാവറ തുടങ്ങി, കാലമേറ്റെടുത്ത പലതും

## മാന്നാനം (1829 - 1854)

*ചാവറയച്ചൻ സഭയുടെ മാത്രമല്ല, നാടിന്റെ തന്നെയും നവോത്ഥാനത്തിന് നേതൃത്വം നൽകിയാണ് സന്യാസജീവിതം ആരംഭിച്ചത്.*

മൗറേലിയൂസ് സ്തബിലീനി മെത്രാൻ പാലയ്ക്കൽ മല്പാനച്ചന് ഒരു കത്ത് കൊടുത്തു വിട്ടു. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന് പട്ടമേല്ക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നായിരുന്നു കത്തിന്റെ ഉള്ളടക്കം.

അതനുസരിച്ച് പാലയ്ക്കൽ മല്പാനച്ചൻ പട്ടത്തിനൊരുങ്ങിയ ശെമ്മാശന്മാരെയും കൂട്ടി സെപ്തംബർ പത്തിന് രാത്രി പത്തുമണിയോടെ വരാപ്പുഴ കടവിലെത്തി. അവിടെ എത്തിയപ്പോഴാണ് അറിയുന്നത് അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരും തമ്മിലുള്ള തർക്കത്തിൽ മനസ്സു മടുത്ത് മെത്രാനച്ചൻ ഈ നാട്ടിൽ നിന്നുതന്നെ തിരികെ പോകാൻ തീരുമാനിച്ചിരിക്കുന്നുവെന്ന്!



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അന്ന് മെത്രാനച്ചന്റെ സെക്രട്ടറിയായിരുന്നത് ചമ്പക്കുളത്തുകാരൻ പോരൂക്കര തോമാച്ചനായിരുന്നു. പാലയ്ക്കൽ തോമാച്ചനും കൂട്ടരും പോരൂക്കര തോമാച്ചന്റെ മുറിയിൽ കൂടി. പോംവഴികൾ ആലോചിച്ചു.

അടുത്ത ദിവസം രാവിലെ എല്ലാവരും കൂടെ മെത്രാനച്ചന്റെ മുറിയിലെത്തി. എന്നാൽ കിട്ടിയ മറുപടി ആശാവഹമായിരുന്നില്ല. മറുപടി കേട്ട് എല്ലാവരും വിഷമത്തിലായി. എങ്കിലും അവർ പ്രത്യാശ കൈവെടിഞ്ഞില്ല. വരാപ്പുഴയിൽ താമസിക്കുന്നത് വിഷമമാണെങ്കിൽ ഏതെങ്കിലും സുറിയാനി പള്ളിയിൽ താമസിച്ച് ഭരണം നടത്തണ നിർദേശം അവർ മുന്നോട്ടുവച്ചു. രണ്ടാമതൊരു സംഘം മറ്റൊരു നിവേദനം സമർപ്പിച്ചു.

ഇതിനിടയിൽ റോമിൽ നിന്ന് ഒരു തിരുവെഴുത്തു വന്നു-മറ്റൊരു മെത്രാനെ പകരം അയക്കുന്നതുവരെ ഇവിടെ തുടരാനുള്ള നിർദ്ദേശമായിരുന്നു അത്.

## അർത്തുങ്കൽ പള്ളിയിലേക്ക്

അഞ്ഞൂറ്റിക്കാരിൽ ഒരുവനായ പസ്ക്കാൾ പാദ്രി അന്ന് സ്തബിനീലി മെത്രാനച്ചന്റെ കുമ്പസാരക്കാരനും ചാലൻസലറുമായിരുന്നു. അദ്ദേഹവും പാലയ്ക്കലച്ചനും പോരൂക്കരയച്ചനും കൂടിയാലോചിച്ച് മറ്റൊരു നിർദ്ദേശം വച്ചു-അഞ്ഞൂറ്റിക്കാർ കൂടുതലുള്ള ഇടവകയായ അർത്തുങ്കൽ പള്ളിയിൽ പോയി മെത്രാനച്ചൻ താമസിക്കുക.

മെത്രാനച്ചൻ അർത്തുങ്കൽ താമസമാക്കി ഒരു മാസം കഴിഞ്ഞപ്പോൾ മല്പാനച്ചൻ പട്ടത്തിന്റെ കാര്യം വീണ്ടും മെത്രാനച്ചനെ ഓർമ്മിപ്പിച്ചു. അദ്ദേഹം തീയതിയും സ്ഥലവും നിശ്ചയിച്ചു - നവംബർ 29-ാം തീയതി അർത്തുങ്കൽ പള്ളിയിൽ വച്ച്.

അങ്ങനെ അർത്തുങ്കൽ പള്ളിയിൽ വച്ച് ചാവറ കുര്യാക്കോസ് ശെമ്മാശ്ശൻ തന്റെ 24-ാമത്തെ വയസ്സിൽ മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്നും പൗരോഹിത്യപട്ടം സ്വീകരിച്ചു. നവംബർ 30-ാം തീയിതി സ്വന്തം ഇടവകയായ ചേന്നങ്കരി പള്ളിയിൽ പുത്തൻ കുർബാന അർപ്പിക്കുകയും ചെയ്തു.

## ദർശനവീട്

ആശ്രമസ്ഥാപനത്തിനുള്ള ആലോചനയും പരിശ്രമങ്ങളും ചാവറയച്ചന്റെ പട്ടത്തിന് ഏറെ മുമ്പുതന്നെ ആരംഭിച്ചിരുന്നു. ചാവറയച്ചൻ നാളാഗമത്തിൽ പറയുന്നപോലെ കർമലമാതാവിന്റെ ദർശനസമൂഹം പല പള്ളികളിലും സ്ഥാപിക്കാൻ തുടങ്ങിയിരുന്നു. മല്പാനച്ചനും അദ്ദേഹത്തിന്റെ കൂട്ടുകാരൻ പോരൂക്കരയച്ചനും കൂടിയാണ് ഇതിന് മുന്നിട്ടിറങ്ങിയത്. മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സു ഭവനമില്ലാത്തതിനാൽ ഉണ്ടായ കുറവുകൾ കണ്ടാണ് പട്ടക്കാർക്ക് എങ്കിലും ഒരു ദർശനവീട് (ആശ്രമം) ഉണ്ടാക്കണമെന്ന ആഗ്രഹവുമായി അവർ സ്തബിലീനി മെത്രാനെ സമീപിക്കുന്നത്.



www.TheCMSIndia.org

പോരൂക്കരയച്ചൻ അച്ചനാകുന്നത് 1823-ലാണ്. അതിനു മുമ്പുതന്നെ അദ്ദേഹം തന്റെ ആഗ്രഹം കൂട്ടുകാരനായ കണിയാന്ത്ര യാക്കോബിനോട് പങ്കുവച്ചിട്ടുണ്ട്. ലോകത്തിൽ ജീവിച്ചാൽ രക്ഷപ്പെടാൻ പ്രയാസം ആയതിനാൽ വല്ല വനവാസത്തിനും പോയ്ക്കളയാമെന്നായിരുന്നു പോരൂക്കരയച്ചന്റെ ചിന്ത. പട്ടമേറ്റുവന്നാൽ രണ്ടുപേർക്കും കൂടി പോകാമെന്നതായിരുന്നു അവരുടെ ആലോചന.

വല്ലയിടത്തും പോയി ഒതുങ്ങി പാർക്കാനുള്ള അനുവാദം പാലക്കലച്ചനും പോരൂക്കരയച്ചനും കൂടെ ചോദിച്ചപ്പോൾ കൊവേന്ത വച്ചാൽ എല്ലാവർക്കും ഉപകാരമാകുമല്ലോ എന്ന് മെത്രാൻ കല്പിച്ചു.

അനുവാദത്തിനായി വീണ്ടും സമീപിച്ചപ്പോൾ മൗറേലിയൂസ് മെത്രാനച്ചൻ 1829 വൃശ്ചികം ഒന്നിന് അനുവാദവും ധർമ്മക്കടലാസും ഒപ്പിട്ടു കൊടുത്തു. അതോടൊപ്പം അദ്ദേഹത്തിന്റെ സംഭാവനയായി 200 രൂപയും നല്കി.

ആശ്രമസ്ഥാപനത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ചാവറയച്ചൻ തന്നെയാണ്. ആശ്രമം സ്ഥാപിച്ചതിന്റെ ബഹുമതി മുഴുവനും മല്പാനച്ചനും പോരൂക്കരയച്ചനുമാണ് ചാവറയച്ചൻ നല്കുന്നത്. എന്നാൽ ആശ്രമം സ്ഥാപിക്കുക എന്ന സ്വപ്നം പട്ടമേൽക്കുന്ന കാലം മുതൽ താൻ താലോലിച്ചു പോന്നതാണെന്ന സത്യം ചാവറയച്ചൻ തുറന്നെഴുതുന്നുണ്ട്.

വൈദികനായശേഷം ചാവറയച്ചൻ പുളിങ്കുന്ന് കുരിശുപള്ളിയിൽ വലിയ നൊയമ്പിന്റെ തുടക്കത്തിൽ ഒരു ധ്യാനം പ്രസംഗിച്ചു. പുളിങ്കുന്നിൽ നടത്തിയ ധ്യാനത്തിന്റെ ഫലം സമീപദേശങ്ങളിലേക്കും വ്യാപിക്കാൻ തുടങ്ങി. അതോടെ ചാവറയച്ചൻ ചുറ്റിനടന്ന് പള്ളികളിൽ പ്രസംഗിക്കാൻ തുടങ്ങി.

ഇതിനിടയിൽ ആശ്രമത്തിന് പറ്റിയ സ്ഥലമന്വേഷിച്ച് അവർ മുതുക്കുളം, വെട്ടിക്കാട്ടുമുക്ക്, പിറവം, വടകര, അതിരമ്പുഴക്കടുത്തുള്ള പള്ളിക്കുന്ന്, വേദഗിരിക്കുന്ന് എന്നിവിടങ്ങളിലൊക്കെ പോയി. അവയൊന്നും അവർക്ക് ഇഷ്ടപെട്ടില്ല. അവസാനം മാന്നാനം കുന്നിൽ എത്തിച്ചേർന്നു.

സമുദ്രനിരപ്പിൽ നിന്ന് 147 അടി ഉയരത്തിലുള്ള മാന്നാനം കുന്നിൽ നിന്ന് നോക്കിയാൽ രാത്രി കാലത്ത് ആലപ്പുഴ തുറമുഖത്തെ ലൈറ്റ്ഹൗസ് കാണാമായിരുന്നു. ആദ്യം അവിടൊരു കുരിശുപള്ളി പണിയാമെന്ന് തീരുമാനമായി.

മലമുകളിൽ കുരിശു ഉയർത്തപ്പെട്ടപ്പോൾ മുതൽ ആളുകൾ ആ സ്ഥലത്തേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. കുരിശിനടുത്ത് അവരൊരു പന്തൽകെട്ടി. പകൽ മുഴുവൻ അതിൽ താമസിച്ചുകൊണ്ട് മല തെളിക്കുന്ന ജോലിയിൽ ഏർപ്പെടും. രാത്രി അതിരമ്പുഴ പള്ളിയിൽ ചിലവഴിച്ച് രാവിലെ അവിടെ കുർബാന ചൊല്ലിയശേഷം മാന്നാനത്തേക്ക് തിരിക്കും.

അതിനിടയിൽ 1831 ഇടവം 11-ന് കൊവേന്തയ്ക്ക് കല്ലിടാമെന്ന് മെത്രാനച്ചൻ സമ്മതിച്ചു. ദിവസമടുത്തു വന്നപ്പോൾ അദ്ദേഹം രോഗിയായി. എന്നാൽ നിർബന്ധിച്ചപ്പോൾ വന്നു. പിറ്റേ ദിവസം കല്ലിടാൻ സമയമായപ്പോൾ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അസുഖം കൂടുകയാൽ മല്പാനച്ചൻ കല്ലിടട്ടേയെന്ന് മെത്രാനച്ചൻ നിർദ്ദേശിച്ചു. മല്പാനച്ചൻ പോരൂക്കരയച്ചനെയും നിർദ്ദേശിച്ചു.

അങ്ങനെ 1831 മേയ് 11-ാം തീയതി വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമത്തിൽ കൊവേന്ത പള്ളിയുടെ അടിസ്ഥാനക്കല്ല് മെത്രാനച്ചന്റെ സാന്നിധ്യത്തിൽ പോരൂക്കരയച്ചനെ കൊണ്ടിടീവിച്ചു.

## ആശ്രമം പണി നിലയ്ക്കുന്നു

അങ്ങനെയിരിക്കെ ആശ്രമസ്ഥാപനത്തിന് സർവ്വവിധ പ്രോത്സാഹനവും നല്കിക്കൊണ്ടിരുന്ന സ്തബിലീനി മെത്രാൻ 1932-ൽ യൂറോപ്പിലേക്ക് മടങ്ങിപ്പോയി. പിൻഗാമിയായി വന്നുചേർന്നത് പ്രംസീസ്കോസ് സേവ്യർ മെത്രാനാണ്. ചില അച്ചന്മാർ കൊവേന്ത പണിയെയും അതിന്റെ പണവിനിയോഗത്തെയും കുറിച്ച് അദ്ദേഹത്തിന്റെ മനസ്സിൽ ചില തെറ്റിദ്ധാരണകൾ പരത്തി. തത്ഫലമായി അദ്ദേഹം അച്ചന്മാരെ പലയിടങ്ങളിലേക്ക് സ്ഥലം മാറ്റി. ചാവറയച്ചനെ പള്ളിപ്പുറത്തെ വികാരിയായി നിയമിച്ചു. അങ്ങനെ ആശ്രമം പണി നിലയ്ക്കുമെന്ന അവസ്ഥ വന്നു.

ഒരു വർഷത്തിനു ശേഷം ഈ അവസ്ഥ മാറി. ചാവറയച്ചനെ വികാരി സ്ഥാനത്തു നിന്ന് മെത്രാനച്ചൻ ഒഴിവാക്കി. തൽഫലമായി 1834-ൽ പള്ളിയുടെ പണിയും ആരംഭിക്കാനായി.

## മല്പാനച്ചൻ യാത്രയാകുന്നു

ചാവറയച്ചന്റെ നേതൃത്വത്തിൽ മാന്നാനം സെമിനാരി അനുദിനം അഭിവൃദ്ധിപ്പെട്ടുവന്നു. മല്പാനച്ചൻ ദേഹാസ്വാസ്ഥ്യം നിമിത്തം പള്ളിപ്പുറത്തു തന്നെ താമസമാക്കി. അതിനാൽ ചാവറയച്ചൻ രണ്ടിടത്തും മാറിമാറി താമസിച്ചു വന്നിരുന്നു.

പാലയ്ക്കലച്ചന് 1841 ജനുവരി ആരംഭം മുതൽ രോഗം കൂടി. 13-ാം തീയതി മാന്നാനത്ത് അറിവുകിട്ടി. വിവരമറിഞ്ഞ് ചാവറയച്ചനും പോരൂക്കരയച്ചനും മറ്റു വൈദികരും പള്ളിപ്പുറത്തെത്തി. യാത്രയ്ക്കു സമയമായി എന്നു തിരിച്ചറിഞ്ഞ മല്പാനച്ചൻ സുബോധത്തോടെ ഒപ്രുശുമാ സ്വീകരിച്ചു. 16-ാം തീയതി ശനിയാഴ്ച വെളുപ്പിന് മരിച്ചു. പോരൂക്കരയച്ചന്റെ ചരമപ്രസംഗത്തോടെ അന്ന് വൈകുന്നേരം മൃതസംസ്ക്കാരം നടന്നു.

## പോരൂക്കരയച്ചനും...

ഇതിനിടയിൽ പോരൂക്കരയച്ചന് കടുത്ത പ്രമേഹം പിടിപ്പെട്ടു. പല ചികിത്സകൾ നടത്തി നോക്കിയെങ്കിലും വലിയ ഫലമൊന്നും കണ്ടില്ല. 1846-ൽ കല്ലൂർക്കാട്ടു പോയി കുറച്ചുനാൾ വീട്ടിൽ താമസിച്ചു നോക്കി. ഡിസംബർ 27-ന് രോഗം പെട്ടെന്ന് വർധിച്ചു. രോഗീലേപനം കൊടുത്തു.

മാന്നാനത്തേക്ക് കൊണ്ടുപോകണമെന്ന് പോരൂക്കരയച്ചൻ നിർബന്ധിക്കയാൽ രോഗം അല്പം ശമിച്ചപ്പോൾ അങ്ങോട്ട് കൊണ്ടുപോയി. 1846



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ജനുവരി 8-ാം തീയതി വൈകുന്നേരത്തോടെ രോഗം കലശലായി. രാത്രി 12 മണിയോടെ പോരൂക്കരയച്ചൻ ഈ ലോകം വിട്ടുപിരിഞ്ഞു. പിറ്റേ ദിവസം 9-ാം തീയതി മാന്നാനം ആശ്രമ ദേവാലയത്തിൽ മദ്ബഹായുടെ അഴിക്ക് താഴെ അദ്ദേഹത്തെ സംസ്ക്കരിക്കുകയും ചെയ്തു.

## അച്ചുകൂടം

തിരുവിതാംകൂറിൽ അന്ന് രണ്ട് അച്ചുകൂടങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒന്ന് തിരുവനന്തപുരത്തും മറ്റേത് കോട്ടയത്തും. 1844 ചിങ്ങം ഒന്നു മുതൽ പുസ്തകം അച്ചടിക്കാനുള്ള ആലോചന തുടങ്ങി എന്നാണ് ചാവറയച്ചൻ എഴുതുന്നത്. കോട്ടയത്ത് പ്രസ് കാണാൻ ചെന്നിട്ട് അവർ അതിന് അനുവദിച്ചില്ല.

അതിൽ നിരാശപ്പെടാതെ ചാവറയച്ചൻ തിരുവനന്തപുരത്തെ സർക്കാർ പ്രസ് കാണാൻ പോയി. കത്തോലിക്കരായ ചില ജോലിക്കാരുടെ സഹായത്തോടെ പ്രസിന്റെ വിശദാംശങ്ങൾ മനസ്സിലാക്കി. അതിന്റെ ഒരു മാതൃക വാഴപ്പിണ്ടിയിൽ വെട്ടിയുണ്ടാക്കി ഒരു ആശാരിയെ കാണിച്ചു. ആ ആശാരി അതിന് അനുസരിച്ച് മരത്തിൽ ഒരു പ്രസ്സ് ഉണ്ടാക്കി. കോട്ടയം പ്രസിൽ ജോലി ചെയ്തിരുന്ന പാണ്ടിത്തട്ടാൻ അക്ഷരങ്ങൾ വാർത്തെടുത്തു കൊടുത്തു. അതിനുശേഷം കടലാസും മഷിയും സംഘടിപ്പിക്കാനുള്ള പ്രയത്നമായി. അവസാനം 1846 ജൂലൈ മാസത്തിൽ മാന്നാനത്തെ അച്ചുകൂടം യാഥാർത്ഥ്യമായി. അതോടെ മലയാളത്തിൽ പ്രാർത്ഥനാപ്പുസ്തകങ്ങൾ അച്ചടിക്കാൻ തുടങ്ങി.

## സംസ്കൃത വിദ്യാലയം

തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് സ്വാതിതിരുന്നാൾ രാജാവിന്റെ കാലത്താണ് (1829-1847). 1834-ൽ അദ്ദേഹം തിരുവനന്തപുരത്ത് ഒരു ഇംഗ്ലീഷ് സ്ക്കൂൾ ആരംഭിച്ചു. ഈ പശ്ചാത്തലത്തിലാണ് മാന്നാനം ആശ്രമത്തോടു ചേർന്ന് 1846-ൽ ചാവറയച്ചൻ സംസ്കൃത സ്ക്കൂൾ ആരംഭിച്ചത്.

അതിനെക്കുറിച്ച് പാറപ്പുറത്ത് വർക്കിയച്ചൻ എഴുതുന്നു - സംസ്കൃത സ്ക്കൂളിൽ ആശ്രമത്തിലെ വൈദികരും സമീപസ്ഥലങ്ങളിലെ കുട്ടികളും ചേർന്നു പഠിച്ചിരുന്നു. അതിന്റെ നടത്തിപ്പിനായി തൃശ്ശൂരു നിന്ന് ഒരു വാധ്യാരെ വരുത്തി. അദ്ദേഹം സംസ്കൃത ഭാഷയിലും മലയാള ഭാഷയിലും സമർത്ഥനായിരുന്നു.

പാലക്കലച്ചും പോരൂക്കരയച്ചനും വിടപറഞ്ഞതോടെ സകല ഭാരങ്ങളും ചാവറയച്ചന്റെ തോളിലായി. ചാവറയച്ചൻ ഇതിന്നിടയിൽ എല്ലായിടങ്ങളിലും നടന്ന് ധ്യാനം പ്രസംഗിച്ചിരുന്നു. അതിലൂടെ ഭക്തിവർധനവ് ഉണ്ടായതു കൂടാതെ ആശ്രമം പണി വകയ്ക്കു വേണ്ട പണം ലഭിക്കുകയും ചെയ്തു. ■



www.TheCMSIndia.org



## 5

# എല്ലാവഴിയും സഭയിലേയ്ക്ക്

മാന്നാനം (1855 - 1863)

*ഒന്നിച്ചുള്ള ദൈവവേലകളുമായി ചാവറയച്ചനും വൈദികരും മാന്നാനത്ത് സമൂഹജീവിതവും പ്രവർത്തനവും തുടങ്ങിയെങ്കിലും സന്യാസസഭയെന്ന അംഗീകാരവും നിയമാവലിയും ലഭിക്കുന്നത് രണ്ടു ദശകങ്ങൾക്കുശേഷം 1855–ൽ ആയിരുന്നു. ഈക്കാലത്തും പിന്നീടും ചാവറയച്ചനും കൂട്ടരും സഭയുടെ പരമോന്നത ലക്ഷ്യങ്ങളിലേയ്ക്കുള്ള അക്ഷീണ പരിശ്രമത്തിലായിരുന്നു.*

സന്യാസവഴിയുടെ ധ്യാനമാർഗ്ഗവും പ്രേഷിതപ്രവർത്തനത്തിന്റെ കർമ്മമാർഗ്ഗവും സമന്വയിപ്പിച്ച ജീവിതക്രമമായിരുന്നു മാന്നാനം കൊവേന്തയിൽ നിലവിലിരുന്നത്. പള്ളികളിൽ ധ്യാനം പ്രസംഗിക്കുകയും ആത്മീയ നവീകരണത്തിന് ഇടവകകളെ സഹായിക്കുകയുമായിരുന്നു ആശ്രമാംഗങ്ങളുടെ പ്രധാന പ്രേഷിതവേല. ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും മാന്നാനം സമൂഹത്തിന് വ്രതങ്ങളോ സഭയുടെ അംഗീകാരമുള്ള നിയമാവലിയോ ഇല്ലായിരുന്നു. അതിനുവേണ്ടി ചാവറയച്ചൻ മേലധ്യക്ഷന്മാരുടെ പക്കൽ തുടർച്ചയായി അപേക്ഷകൾ സമർപ്പിച്ചിരുന്നു. ബർണ്ണർദീനോസ് മെത്രാൻ ഇക്കാര്യത്തിൽ സവിശേഷ താല്പര്യം എടുത്തു.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അദ്ദേഹം കർമ്മലീത്താ ഒന്നാം സഭയുടെ നിയമങ്ങൾ ചാവറയച്ചന് അയച്ചു കൊടുത്തു. ആവശ്യമായ ഭേദഗതികളോടെ തിരികെ സമർപ്പിക്കാൻ നിർദ്ദേശിച്ചു കൊണ്ട്. പെട്ടെന്നു തന്നെ ചാവറയച്ചൻ അതു ചെയ്തു. മെത്രാൻ അത് സ്വീകരിച്ചംഗീകരിച്ചു.

നിയമാവലി വായിച്ചു മനസ്സിലാക്കി അതനുസരിച്ച് ജീവിക്കാമെന്ന് സ്വതന്ത്രമനസ്സോടെ തീരുമാനിക്കുന്നവരെ മാത്രം സഭയിൽ ചേർത്താൽ മതിയെന്ന് അദ്ദേഹം കല്പിച്ചു. നിയമാവലിയിലെ ഉപവാസം, ഏകാന്തത, മൗനം എന്നിവയെക്കുറിച്ചുള്ള കർക്കശമായ നിയമങ്ങൾ പലരെയും ചഞ്ചലചിത്തരാക്കി.

## വ്രതവാഗ്ദാനം

വ്രതവാഗ്ദാനത്തിനു മുമ്പുള്ള ധ്യാനം നയിക്കാനായി മർസ്ലീനോസ് മിഷനറിയെ മെത്രാപ്പോലീത്ത മാന്നാനത്തേക്ക് അയച്ചു. ധ്യാനം അവസാനിച്ചപ്പോൾ ആശ്രമാംഗങ്ങളിൽ പതിനൊന്നുപേർ സഭയിൽ ചേരുന്നില്ലെന്ന് തീരുമാനിച്ച് പിന്മാറിയത് ചാവറയച്ചനെ ഏറെ ദുഃഖിപ്പിച്ചു. ശേഷിച്ച പന്ത്രണ്ടുപേരിൽ ഒരാൾക്ക് രോഗം ബാധിച്ചതിനാൽ വ്രതം ചെയ്യാനുള്ളവർ ബാക്കി 11 പേരായിരുന്നു.

ഡിസംബർ 8 ശനിയാഴ്ച. അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിനം. അയൽ പള്ളികളിൽ നിന്ന് അനേകമാളുകളും അച്ചന്മാരും വന്നിരുന്നു. 9 മണിയായപ്പോൾ എല്ലാവരും പ്രദക്ഷിണമായി പള്ളിയിലേക്ക് പ്രവേശിച്ചു മെത്രാപ്പോലീത്തായുടെ പ്രതിനിധിയായ മർസ്ലീനോസ് മിഷനറിയുടെ മുമ്പാകെ ചാവറയച്ചൻ മുട്ടുകുത്തി സന്യാസവ്രതവാഗ്ദാനം നടത്തി

അതിനുശേഷം എല്ലാവരും ആശ്രമത്തിൽ തിരിച്ചെത്തി. അവിടെവച്ച് മർസ്ലീനോസ് മിഷനറി ഒരു പ്രസംഗം നടത്തുകയും ആശ്രമത്തിന്റെ പ്രിയോരായി ചാവറയച്ചനെ നിയമിച്ചിരിക്കുന്ന കാര്യം പ്രഖ്യാപിക്കുകയും ചെയ്തു.

അതിനുശേഷമായിരുന്നു ബാക്കി പത്തു പേരുടെ വ്രതവാഗ്ദാനം. ഓരോരുത്തരും ക്രമമായി പ്രിയോരച്ചനായ ചാവറയച്ചന്റെ മുമ്പിൽ മുട്ടുകുത്തി വ്രതവാഗ്ദാനം നടത്തി. പുളിങ്കുന്ന് തോപ്പിൽ ഗീവറുഗീസച്ചൻ, ചമ്പക്കുളം പോരൂക്കര കുര്യച്ചൻ, അതിരമ്പുഴ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, ഉാലം പുത്തൻപള്ളി മുത്തനാട്ടു മത്തായിയച്ചൻ, പാലാ കളപ്പുരയ്ക്കൽ മത്തായിയച്ചൻ, കൈനകരി വല്ല്യാറ യാക്കോബച്ചൻ, ഉാലം പുത്തൻപള്ളി കണിയാരകത്ത് മാണിയച്ചൻ, പള്ളിപ്പുറത്ത് പാലക്കൽ കുര്യച്ചൻ, പാലാ കട്ടക്കയത്ത് ചാണ്ടിയച്ചൻ, പുളിങ്കുന്ന് കളത്തിൽ സ്കറിയാച്ചൻ എന്നിവരായിരുന്നു ആദ്യത്തെ പത്ത് സഭാംഗങ്ങൾ.

## കൂനമ്മാവും മറ്റു കൊവേന്തകളും

ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്തായുടെ കാലത്ത് 1837-ൽ കൂനമ്മാവിൽ ഫിലോമിനാ പുണ്യവതിയുടെ നാമത്തിൽ ഒരു പള്ളിയും പള്ളി



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മുറിയും പണിയിച്ചിരുന്നു. അന്ന് മിഷനറിയായിരുന്ന ബർണ്ണർ ദീനോസാണ് അതിന്റെ പണികൾ നിർവഹിച്ചത്. അദ്ദേഹം പിന്നീട് മെത്രാപ്പോലീത്തായായപ്പോൾ പള്ളി അല്പം കൂടെ വിപുലീകരിച്ചു. മാന്നാനം ആശ്രമം പോലെ ലത്തീൻകാർക്കായി ഒരാശ്രമം കൂനമ്മാവിൽ സ്ഥാപിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ താൽപര്യം. അതിനായി 1855-ൽ വരാപ്പുഴയിലെ ലത്തീൻ സെമിനാരിയിൽ നിന്ന് മൂന്നു ശെമ്മാശന്മാരെയും ഒരു പാദ്രിയേയും അവിടെ കൊണ്ടുവന്ന് താമസിപ്പിക്കുകയുണ്ടായി. എന്നാൽ തന്റെ പരിശ്രമം വിജയിക്കില്ലെന്ന് കണ്ട അദ്ദേഹം മാന്നാനത്തിന്റെ ഒരു ശാഖാ ഭവനമായി കൂനമ്മാവ് കൊവേന്ത പ്രിയോരച്ചനെ ഏല്പിച്ചു. 1859 മുതൽ കൂനമ്മാവ് കൊവേന്ത നവസന്യാസ ഭവനമായി മാറുകയും ചെയ്തു. തുടർന്ന് എൽതുരുത്തിലും (1858, 1866), വാഴക്കുളത്തും (1866) അമ്പഴക്കാട്ടും (1868), മുത്തോലിയിലും (1870), പുളിങ്കുന്നിലും (1866) കൊവേന്തകൾ ആരംഭിച്ചു.

## റോക്കോസ് ശീശ്മ

റോക്കോസ് മെത്രാൻ 1861 മേയ് 9-നാണ് കൊച്ചിയിൽ വന്നിറങ്ങിയതെങ്കിലും അതിനുള്ള പശ്ചാത്തല ഒരുക്കങ്ങൾ 1852 മുതൽ ആരംഭിച്ചിരുന്നു. സുറിയാനി മെത്രാന്മാരെ വേണമെന്നുള്ള സുറിയാനി കത്തോലിക്കരുടെ പരമ്പരാഗത ആഗ്രഹത്തിന്റെ പശ്ചാത്തലത്തിലാണ് ഈ സംഭവങ്ങൾ അരങ്ങേറുന്നത്. ബാഗ്ദാദിൽ നിന്നും വന്ന റോക്കോസ് മെത്രാന് വലിയ സ്വീകരണമാണ് സുറിയാനി കത്തോലിക്കരുടെയിടയിൽ ലഭിച്ചത്.

റോക്കോസ് മെത്രാൻ മലയാളത്തിൽ വന്നിറങ്ങിയ കാലത്ത് സുറിയാനി കത്തോലിക്കരുടെ വകയായി 154 ഓളം ഇടവകപ്പള്ളികളാണുണ്ടായിരുന്നത്. ഇവയിൽ 86 പള്ളികൾ പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിന് കീഴ്പ്പെട്ടു. ബാക്കി 38 പള്ളികൾ മാത്രമാണ് അദ്ദേഹത്തിന്റെ സ്വാധീനത്തിൽ പെടാതെ നിന്നത്.

വരാപ്പുഴ മെത്രാപ്പോലീത്ത അക്ഷീണം പരിശ്രമിച്ചു. എങ്കിലും റോക്കോസിനു കിട്ടിക്കൊണ്ടിരുന്ന സ്വീകാര്യതയെ അതിജീവിക്കാനായില്ല. സ്വജാതി മെത്രാനു വേണ്ടിയുള്ള താല്പര്യമാണിതിനു പിന്നിലെന്ന് തിരിച്ചറിഞ്ഞതിന്റെ ഫലമായിരുന്നു ചാവറയച്ചന്റെ പുതിയ നിയമനം. അദ്ദേഹത്തെ മെത്രാനാക്കാനായിരുന്നു ആദ്യത്തെ ആലോചന. അവസാനം റോക്കോസ് മെത്രാൻ വന്നതിന്റെ പിറ്റേ മാസത്തിൽ അതായത് 1861 ജൂൺ 8-ാം തീയതി വിപുലമായ അധികാരങ്ങളോടെ ചാവറയച്ചനെ വികാരി ജനറാളായി നിയമിച്ചുകൊണ്ടുള്ള നിയമനപത്രം മെത്രാപ്പോലീത്ത ഒപ്പുവച്ചു.

വികാരിജനറാളായതോടെ ചാവറയച്ചൻ അധികാരപൂർവ്വം പ്രവർത്തിക്കാൻ തുടങ്ങി. വികാരി ജനറാൾ എന്ന നിലയിൽ ഒമ്പതാം പീയൂസ് പാപ്പായ്ക്ക് 1861 ജൂൺ 19-ാം തീയതി അദ്ദേഹം ഒരു കത്തയച്ചു. റോക്കോസ് മെത്രാനോട് എങ്ങനെ പെരുമാറണമെന്ന ഉപദേശമാരായലും ശരിയായ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അധികാരത്തോടെയാണോ റോക്കോസ് വന്നിരിക്കുന്നതെന്ന സംശയ നിവാരണവുമായിരുന്നു കത്തിന്റെ ഉദ്ദേശ്യം. ആഗസ്റ്റ് 21-ാം തീയതി പ്രൊപ്പ ഗാന്ത തിരുസംഘത്തിന്റെ മറുപടി വന്നു. അതിനു പിറകെ പരിശുദ്ധ പിതാ വിന്റെ കയ്യൊപ്പോടുകൂടിയ തിരുവെഴുത്തും.

ഇരുഭാഗക്കാരും തമ്മിൽ ഏറ്റവും വലിയ ശക്തിപരീക്ഷണം നടന്നത് വടക്കൻ പ്രദേശങ്ങളിലായിരുന്നു. തൃശ്ശൂർ, അരണാട്ടുകര, ഒല്ലൂർ തുടങ്ങിയ പള്ളികളിൽ വലിയ കലാപം തന്നെ ഉണ്ടായത് പ്രിയോരച്ചൻ വിവരിക്കു ന്നുണ്ട്.

പ്രിയോരച്ചന്റെ സ്വാധീനം മൂലം കോട്ടയം പേഷ്ക്കാർ റോക്കോസ് മെത്രാ നെ പള്ളികളിൽ കയറുന്നതിൽ നിന്നും വിലക്കി. വടക്കൻ പ്രദേശങ്ങളിൽ കൊച്ചി ദിവാന്റെ നിരോധന ഉത്തരവ് ശീശ്മയുടെ വളർച്ചയെ തടഞ്ഞു. ഇതിനിടയിൽ മലയാളത്തു നിന്നും തിരിച്ചു വരണമെന്നുള്ള പാത്രീയർ ക്കീസ് ബാവായുടെ കല്പനയും റോക്കോസ് മെത്രാന് ലഭിച്ചു. വിട്ടുപോയി ല്ലെങ്കിൽ മഹറോൻ ചൊല്ലാനുള്ള മാർപ്പാപ്പായുടെ കല്പനയും ഇതിന്നിട യിൽ വന്നു ചേർന്നു.

അവസാനം കൊച്ചിക്കോട്ടയിൽ താമസിക്കുന്നതിനിടയ്ക്ക് യാത്രാ ചെലവു കിട്ടിയാൽ മലങ്കര വിട്ടുപോകാമെന്ന് രഹസ്യമായി അദ്ദേഹം മെത്രാപ്പോ ലീത്തായെ അറിയിച്ചു. റോക്കോസ് മെത്രാനെ കാണാനായി മെത്രാപ്പോ ലീത്ത ചാവറയച്ചനെ നിയോഗിച്ചു. തത്ഫലമായി 1862 മാർച്ചു മാസത്തിൽ റോക്കോസ് ബാഗ്ദാദിലേക്ക് തിരിച്ചു കപ്പൽ കയറി.

## സഭാനവീകരണം


ശീശ്മയിൽ വീണുപോയ പള്ളികളെ തിരികെ കൊണ്ടുവരുന്നതിൽ പ്രിയോരച്ചനും സംഘവും വ്യാപൃതരായി. സുറിയാനി സഭയെ ആത്മീയ മായി പുനരുദ്ധരിക്കാനായിരുന്നു പ്രധാന ശ്രദ്ധ. ആദ്യപടിയായി വൈദി കരുടെ നവീകരണത്തിലാണ് അദ്ദേഹം ശ്രദ്ധിച്ചത്. സെമിനാരികളിലെ പരിശീലന പദ്ധതി അദ്ദേഹം കാലോചിതമായി പരിഷ്ക്കരിച്ചു. വൈദികർ ക്ക് വാർഷികധ്യാനം നടപ്പിലാക്കി, വൈദികരുടെ കാനോന നമസ്ക്കാരം ക്രമപ്പെടുത്തി അത് നിർബന്ധമാക്കി.

അതോടൊപ്പം ഇടവകജനങ്ങളുടെ നവീകരണത്തിലും പ്രിയോരച്ചൻ ശ്രദ്ധിച്ചു. ഇടവകധ്യാനമായിരുന്നു അതിന് അദ്ദേഹം കണ്ടുപിടിച്ച പ്രധാന ഉപാധി. ഒരു ധ്യാനത്തിന് നാലും അഞ്ചും അച്ചന്മാരായിരുന്നു നേതൃത്വം കൊടുത്തിരുന്നത്. ധ്യാനാനന്തരം ആ പള്ളികളിൽ മെത്രാപ്പോലീത്തായുടെ ഔദ്യോഗിക സന്ദർശനവും പതിവാക്കി. ഞായറാഴ്ച പ്രസംഗം കുർബാ നയിൽ പതിവാക്കാനും അദ്ദേഹം പരിശ്രമിച്ചു. ചുരുക്കത്തിൽ പ്രിയോരും വികാരി ജനറാളുമെന്ന നിലയിൽ സഭാനവീകരണത്തിനും ആധ്യാത്മിക വളർച്ചയ്ക്കും നേതൃത്വം കൊടുക്കുകയായിരുന്നു ചാവറയച്ചൻ. ■



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



6

# കൂനമ്മാവിലെ വർഷങ്ങൾ

## കൂനമ്മാവ് (1864 - 1871)

*മാന്നാനത്തു നിന്നും കൂനമ്മാവ് കൊവേന്തയിലേയ്ക്ക് ചാവറയച്ചൻ താമസം മാറ്റുന്നത് 1864-ലാണ്. പിന്നീട് 1871-ൽ മരിക്കുന്നതുവരെ അവിടെയായിരുന്നു.*

മകരം 12-ാം തീയതിയാണ് ചാവറയച്ചൻ മാന്നാനത്തു നിന്ന് കൂനമ്മാവു കൊവേന്തയിലേക്ക് താമസം മാറ്റുന്നത്.

### പള്ളിക്കൂടവും വിദ്യാഭ്യാസവും

ആർപ്പുക്കരയിൽ പുതുക്രിസ്ത്യാനികൾക്കായി പള്ളിയും സ്കൂളും തുടങ്ങാൻ പ്രിയോരച്ചൻ 1965-ൽ കല്പിച്ചതിനെക്കുറിച്ച് വർക്കിയച്ചൻ നാളാഗമത്തിൽ എഴുതിയിട്ടുണ്ട്. ഓരോ കൊവേന്തക്കാരും അവരുടെ അതിർത്തിയിലുള്ള പള്ളിക്കാരുടെ ആത്മകാര്യങ്ങളും പള്ളിക്കൂടങ്ങളും നോക്കണമെന്നായിരുന്നു പ്രിയോരച്ചന്റെ നിർദ്ദേശമെന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായ പോരൂക്കര കുര്യാക്കോസച്ചനും തന്റെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## കൂനമ്മാവു മഠം

ഒരു കന്യാസ്ത്രീമഠം ആരംഭിക്കണമെന്നത് തന്റെ ഏറെ കാലമായുള്ള ആഗ്രഹമായിരുന്നെന്ന് ചാവറയച്ചൻ നാളാഗമത്തിൽ കുറിക്കുന്നു. മഠത്തിനായി മതിൽക്കെട്ടി തുടങ്ങിയ ആദ്യത്തെ പരിശ്രമം, സാഹചര്യ സമ്മർദ്ദത്താൽ സെമിനാരി ആക്കേണ്ടി വന്നെന്നും അദ്ദേഹം എഴുതുന്നു.

1865-ൽ ലെയോപ്പോൾദ് മൂപ്പച്ചൻ ഒരു ദിവസം നാലുമണിക്ക് നടക്കാൻ പോയപ്പോൾ ഏലീശ്വ എന്ന വിധവയുടെയും മകളുടെയും കാര്യം പറഞ്ഞു. എന്നിട്ട് അവരെ കന്യാസ്ത്രീകളാക്കുന്നതിനെക്കുറിച്ച് പ്രിയോരച്ചന്റെ അഭിപ്രായം ചോദിച്ചു. അത് നല്ല കാര്യമെന്ന് പ്രിയോരച്ചൻ മറുപടിയും പറഞ്ഞു. അവരുടെ തീക്ഷ്ണമായ ആഗ്രഹവും തീരുമാനവും കണ്ടു ലെയോപ്പോൾദ് അച്ചൻ ഈ വിവരം മെത്രാപ്പോലീത്തായെ അറിയിച്ചു.

1866-ന്റെ തുടക്കത്തിലാണ് പനമ്പുകൊണ്ട് മൂന്നുമുറിയിലൊരു മഠം നിർമിക്കുന്നത്. കുംഭമാസം 13-ാം തീയതി ചൊവ്വാഴ്ച ശ്രേഷ്ഠത്തിയും രണ്ടു കന്യാസ്ത്രീകളും മൂപ്പച്ചന്റെ മുമ്പിൽ മുട്ടുകുത്തി വ്രതവാഗ്ദാനം നടത്തി. പിറ്റേദിവസം പ്രിയോരച്ചൻ അറിയിച്ചതനുസരിച്ച് വൈക്കത്തെ പുത്തനങ്ങാടിയിൽ വൈദ്യന്റെ മകൾ ഏലീശ്വാ എന്ന 37 വയസ്സുള്ള വിധവയും എത്തി. മൂപ്പച്ചൻ അവരെ പരീക്ഷിച്ച് യോഗ്യയെന്ന് തോന്നിയതിനാൽ അവരെയും കന്യാസ്ത്രീമഠത്തിൽ ചേർത്ത് ക്ലാരയെന്ന പേരും കൊടുത്തു.

പരിശുദ്ധ കുർബാനയുടെ നാല്പതുമണി ആരാധന തുടങ്ങണമെന്നും അതിനിടയിൽ മെത്രാപ്പോലീത്ത കല്പിച്ചു. അങ്ങനെ 1866-ൽ വിഭൂതിതിരുന്നാൾ കഴിഞ്ഞുള്ള വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ കൂനമ്മാവിലാണ് കേരളത്തിൽ ആദ്യമായി നാല്പതു മണി ആരാധന തുടങ്ങിയത്.

1866 മിഥുനം 23-ാം തീയതി മൂപ്പച്ചൻ മഠത്തിനു തറക്കല്ലിട്ടു. എട്ടു മാസം കൊണ്ട് മഠത്തിന്റെ പണി തീർത്ത് 1867 മീനം 27-ാം തീയതി അവരുടെ ഉടുപ്പിടീൽ ആഘോഷപൂർവ്വം നടത്തപ്പെട്ടു.

## ഒന്നാം വത്തിക്കാൻ കൗൺസിലിൽ


1869 ആഗസ്റ്റിൽ ലെയോനാർദ് മെത്രാൻ ഒന്നാം വത്തിക്കാൻ സൂന്നഹദോസിൽ സംബന്ധിക്കുന്നതിന് റോമിലേക്ക് യാത്രതിരിച്ചു. അദ്ദേഹത്തിന്റെ കൂടെ ലെയോപ്പോൾദ് മൂപ്പച്ചനെയും അദ്ദേഹം കൂട്ടിക്കൊണ്ടുപോയി. അത് പ്രിയോരച്ചനെ ഏറെ ദുഃഖിപ്പിച്ചു.

1870 നവംബർ 8-ാം തീയതി മെത്രാനച്ചനും മൂപ്പച്ചനും റോമായിൽ നിന്നും മടങ്ങിവന്നു. അപ്പോൾ പ്രിയോരച്ചൻ രോഗശയ്യയിലായിരുന്നു. ലെയോപ്പോൾദ് മൂപ്പച്ചൻ പ്രിയോരച്ചനുമായി ഏറെ നേരം സ്വകാര്യമായി സംസാരിച്ചു. പിന്നീട് പ്രിയോരച്ചൻ മരണത്തിന് കൂടുതൽ താല്പര്യത്തോടെ ഒരുങ്ങാൻ തുടങ്ങി. ■



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## 7

# ആനന്ദത്തോടെ അന്ത്യദിനം

### കൂനമ്മാവ് (1871)

*ഒരു കുദാശയുടെ ആനന്ദത്തോടെയാണ് ചാവറയച്ചൻ മരണത്തെ സ്വീകരിച്ചത്. 1871 ജനുവരി 3ന്.*

**1871** ജനുവരി രണ്ടാം തീയതി. ചാവറയച്ചൻ കിടപ്പിലായിട്ട് മൂന്നു മാസമാകുന്നു. അന്നു രാവിലെ പതിവുപോലെ അദ്ദേഹം കുമ്പസാരിച്ച് ഒരുക്കത്തോടെ കുർബാന കൈക്കൊണ്ടു. ഉച്ചകഴിഞ്ഞപ്പോൾ പതിവില്ലാത്ത പോലെ ഓക്കാനവും ഛർദ്ദിയും തുടങ്ങി. നിക്കോവോസ് ബ്രദർ മരുന്നുകൾ പലതും കൊടുത്തിട്ടും ഒരാശ്വാസവും ഉണ്ടായില്ല.

യാത്രക്കുള്ള സമയം അടുത്തുവെന്ന് തിരിച്ചറിഞ്ഞ ചാവറയച്ചൻ ഒപ്രുശുമാ തരാൻ അപേക്ഷിച്ചു. എന്നാൽ ആരാണ് ഒപ്രുശുമാ കൊടുക്കേണ്ടതെന്ന കാര്യത്തിൽ അച്ചന്മാർ തമ്മിൽ പരസ്പരം ചർച്ചയായി. അഭിപ്രായ വ്യത്യാസം കേട്ടപ്പോൾ ലെയോപ്പോൾദ് മൂപ്പച്ചൻ തരട്ടെയെന്ന് പ്രിയോരച്ചൻ നിർദ്ദേശിച്ചു. എന്നാൽ പ്രിയോരച്ചന്റെ അന്ത്യനിമിഷം അടുത്തതിലുള്ള വ്യസനം കൊണ്ടു മൂപ്പച്ചൻ കിടക്കുകയായിരുന്നു. ഒപ്രുശുമായുടെ



www.TheCMSIndia.org

കാര്യം പറഞ്ഞപ്പോൾ തന്നെക്കൊണ്ട് അതിന് സാധിക്കയില്ലെന്ന് പറഞ്ഞ് അദ്ദേഹം പിൻവാങ്ങി.

അന്ത്യകൂദാശ കൊടുക്കുന്നതിന് മുമ്പ് പിതാവിന്റെ ചാവരുൾ കേൾക്കാനും ആശീർവാദം സ്വീകരിക്കാനുമായി കൂനമ്മാവു കൊവേന്തയിലെ അദ്ദേഹത്തിന്റെ മക്കളെല്ലാം ഒരുമിച്ചുകൂടി.

സങ്കടം തുളുമ്പി നില്ക്കുന്ന അന്തരീക്ഷം; ചിലരൊക്കെ കരഞ്ഞുകൊണ്ടിരുന്നു. തന്റെ തല അല്പം ഉയർത്തി വയ്ക്കാൻ ചാവറയച്ചൻ ആവശ്യപ്പെട്ടു. കിടക്കയിൽ തല പൊക്കി വച്ച അവസ്ഥയിൽ കിടന്നുകൊണ്ട് സ്നേഹത്തോടെ അദ്ദേഹം സംസാരിക്കാൻ തുടങ്ങി:

"നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. ഏതു മനുഷ്യനായാലും ഒരിക്കൽ മരിക്കണം. എന്റെ സമയം ഇപ്പോൾ സമാഗതമായിരിക്കുന്നു. ദൈവാനുഗ്രഹത്താൽ ഈ മുഹൂർത്തത്തിന് വേണ്ടി കുറെനാൾ മുമ്പു മുതൽ ഒരുങ്ങാൻ എനിക്കായി."

"എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾ തിരുകുടുംബത്തെ ചെറുപ്പത്തിൽ തന്നെ എനിക്ക് പരിചയപ്പെടുത്തി തന്നു. അന്നു മുതലിങ്ങോട്ട് ഈശോയെയും മാതാവിനെയും യൗസേപ്പിതാവിനെയും എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുകയും വണങ്ങുകയും ചെയ്തിരുന്നു. അവരുടെ സംരക്ഷണം കൊണ്ട് മാമ്മോദീസായിൽ എനിക്ക് ലഭിച്ച വരപ്രസാദം നഷ്ടപ്പെടുത്താൻ എനിക്കൊരിക്കലും ഇടവന്നിട്ടില്ല."

സംസാരം അവസാനിപ്പിച്ചശേഷം 'ഒപ്രുശുമാ' നല്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഉടനെ അവിടെ നില്ക്കുന്നവർക്കും എല്ലാ സഭാംഗങ്ങൾക്കുമായി വാഴ്വ് തരണമെന്ന് വികാരിയച്ചൻ പ്രിയോരച്ചനോട് അപേക്ഷിച്ചു. ഉടനെ ചാവറയച്ചൻ 'ബുക്ക്സെ' ചൊല്ലിക്കൊണ്ട് കൈ പൊക്കി എല്ലാവരെയും ആശീർവദിച്ചു.

അതിനുശേഷം അദ്ദേഹം കിടക്കയിൽ നിവർന്നു കിടന്നു. ഒപ്രുശുമാ കൈക്കൊണ്ടു. ബോധപൂർവ്വം ഓരോ പ്രാർത്ഥനയും ഏറ്റു ചൊല്ലി. പിന്നീട് അദ്ദേഹം അധികമൊന്നും സംസാരിച്ചില്ല. ഇടക്കിടെ ഛർദിയും ഓക്കാനവും ആവർത്തിച്ചുകൊണ്ടിരുന്നു. ഇടവേളകളിൽ മയക്കവും. മയക്കം തെളിയുമ്പോഴൊക്കെ തനിയേയും, മറ്റുള്ളവർ ചൊല്ലിക്കൊടുക്കുന്നത് കേട്ടും അദ്ദേഹം 'ഈശോ മറിയം യൗസേപ്പേ' എന്ന സുകൃതജപം ചൊല്ലിക്കൊണ്ടിരുന്നു.

രാത്രി 12 മണിക്കു ശേഷം ചാവറയച്ചൻ പിന്നീടൊന്നും പറഞ്ഞില്ല. ബോധം നഷ്ടപ്പെട്ടതുപോലെ കാണപ്പെട്ടു. എന്നാലും വിളിക്കുമ്പോൾ ചിലപ്പോഴൊക്കെ കണ്ണു തുറന്നിരുന്നു. ഇതിനിടയിൽ ഒരു മണിക്കൂറോളം വലിയ പാരവശ്യം ഉണ്ടായി. അതിനെ തുടർന്ന് വലിവ് നേർത്ത് നേർത്ത് തളരാൻ തുടങ്ങി.

ജനുവരി മൂന്നാം തീയതി നേരം വെളുത്തപ്പോൾ എറണാകുളത്തു നിന്ന് ഡോക്ടർ ഗെന്ദ്രൂ വന്നു. അച്ചനെ പരിശോധിച്ചശേഷം, ഇനി വിശേ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഷിച്ചൊന്നും ചെയ്യാനില്ലെന്നു പറഞ്ഞ് അദ്ദേഹം മടങ്ങിപ്പോയി.

ഏഴു മണി ആയപ്പോൾ അല്പം ആശ്വാസം ഉണ്ടെന്ന് തോന്നി. അതിനാൽ അച്ചന്മാരിൽ ചിലർ കുർബാന ചൊല്ലുന്നതിനും നോവിസസ് കുർബാന കാണുന്നതിനുമായി പള്ളിയിലേക്ക് പോയി.

ഏഴരമണിയോടെ പെട്ടെന്ന് ഭാവമാറ്റമായി; ശ്വാസം മന്ദഗതിയിലായി. അതിനാൽ അടുത്തു നിന്നിരുന്ന അച്ചന്മാർ അടച്ചുറുശ്മാ കൊടുത്തു. അതോടുകൂടെ വായൊന്നു തുറന്ന് അവസാന ശ്വാസം വിടുകയും ചെയ്തു.

കൂനമ്മാവു മഠത്തിന്റെ നാളാഗമം പറയുന്നു: "അപ്പോൾ സമയം ഏഴര മണി. തന്റെ അധ്വാനങ്ങൾക്ക് മോക്ഷ സമ്മാനം നല്കാൻ സർവ്വേശ്വരൻ തിരുമനസ്സായതിനാൽ കൂനമ്മാവ് ആശ്രമത്തിൽ വച്ച് പ്രിയോരച്ചൻ തന്റെ ആത്മീയ മക്കളുടെ കൈകളിൽ സമാധാനത്തിൽ നിത്യവിശ്രമം പ്രാപിച്ച് ദൈവതൃക്കരങ്ങളിൽ ആത്മാവിനെ സമർപ്പിക്കുകയും ചെയ്തു."

അപ്പോൾ പ്രിയോരച്ചന് 65 വയസ്സു കഴിഞ്ഞ് 10 മാസവും 25 ദിവസവും പ്രായമായിരുന്നു. മരണമണി കേട്ടതോടെ നാനാ ദേശങ്ങളിൽ നിന്നും ആളുകൾ കൂട്ടംകൂട്ടമായി വന്നുചേരാൻ തുടങ്ങി. അതിനാൽ മൃതദേഹം വേഗത്തിൽ ഒരുക്കി കുർബാനക്കുപ്പായം ധരിപ്പിച്ച് മഞ്ചത്തിൽ കിടത്തി.

നാലാം തീയതി ഉച്ചയ്ക്കു മുമ്പ് തന്നെ കൂനമ്മാവ് പള്ളിയും പരിസരവും ജനങ്ങളെക്കൊണ്ടു നിറഞ്ഞു കഴിഞ്ഞിരുന്നു. അടുത്തുള്ള ഇടവകകളിൽ നിന്നെല്ലാം വൈദികരും ജനങ്ങളും വന്നുകൊണ്ടിരുന്നു.

ഉച്ചയ്ക്ക് മുമ്പായി പോരൂക്കര കുര്യാക്കോസച്ചന്റെയും ചാവറ യൗസേപ്പച്ചന്റെയും പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കാരകർമ്മങ്ങൾ ആരംഭിച്ചു. പ്രസിദ്ധ പ്രസംഗകനായ തത്തൻപള്ളി ഇടവകക്കാരൻ കാപ്പിൽ മത്തായി മറിയം അച്ചൻ ഹൃദയസ്പർശിയായ ചരമപ്രസംഗം നടത്തി. സുദീർഘമായ പ്രസംഗവും നഗരികാണിക്കലും കഴിഞ്ഞ് ഉച്ചയോടുകൂടെ മലയാളത്തിലെ സുറിയാനി കർമ്മലീത്താ സഭയുടെ അടിസ്ഥാനകാരനും സന്യാസികൾക്കും പട്ടക്കാർക്കും ഉത്തമ മാതൃകയും വാത്സല്യപിതാവുമായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കൂനമ്മാവു വി. ഫിലോമിനായുടെ ദേവാലയത്തിൽ വലിയ മദ്ബഹായ്ക്കു താഴെ അഴിയോടു ചേർത്ത് പള്ളിയുടെ മധ്യത്തിൽ കബറടക്കം ചെയ്യപ്പെട്ടു.

*(ഈ ജീവചരിത്ര രചനയിൽ പ്രധാനമായും ആശ്രയിച്ചത് ഫാ. വലേരിയൻ സി.ഡി. രചിച്ച് 1939-ൽ പ്രസിദ്ധീകരിച്ച 'മലങ്കര സഭാമതാവിന്റെ ഒരു വീരസന്താനം' എന്ന ജീവചരിത്രഗ്രന്ഥമാണ്. കൂടാതെ പോരൂക്കര കുര്യാക്കോസ് അച്ചൻ രചിച്ച 'ചാവറയച്ചന്റെ (സംക്ഷിപ്ത) ചരിത്രവും.' അവയോടൊപ്പം ചാവറയച്ചന്റെ കൃതികളായ 'നാളാഗമങ്ങളും ആത്മാനുതാപവും' ഉപയോഗിച്ചിട്ടുണ്ട്).* ■



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# സെന്റ് മേരീസ് ഫൊറോന പള്ളി

## പള്ളിപ്പുറം

മാർ തോമാശ്ലീഹായുടെ കാലത്തോളം പഴക്കവും വിശ്വാസപാരമ്പര്യവുമുള്ള പള്ളിപ്പുറം സെന്റ് മേരീസ് ഫൊറോനാ ദേവാലയം ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ, ചേർത്തല നഗരത്തിൽ നിന്നും ഏകദേശം 9 കിലോമീറ്റർ കിഴക്കുമാറി വേമ്പനാട് കായലിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു പ്രദേശമാണ്. ആത്മീയമായും ചരിത്രപരമായും വളരെയേറെ പ്രാധാന്യമുള്ള ഈ ദേവാലയത്തിന്റെ സവിശേഷതകൾ നിരവധിയാണ്.

### മാർ തോമാശ്ലീഹ കുരിശ്

ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹ, രൂപംകൊടുത്ത 7 വിശ്വാസ സമൂഹങ്ങളിൽ ഒന്നായിരുന്നുവല്ലോ കോക്കമംഗലം. പാരമ്പര്യമനുസരിച്ച്



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കോക്കമംഗലം എന്ന ഗ്രാമം തണ്ണീർമുക്കം മുതൽ അരൂക്കുറ്റിവരെ വ്യാപിച്ചു കിടന്നിരുന്നുവെന്നും തോമാശ്ലീഹ കോക്കമംഗലത്തു സ്ഥാപിച്ച വി.കുരിശ് അദ്ദേഹം യാത്രയാകുന്നതിനു തൊട്ടുപിന്നാലെ മതവിരോധികൾ വേമ്പ നാട്ട് കായലിലേയ്ക്ക് വലിച്ചെറിഞ്ഞു എന്നുമാണ് പാരമ്പര്യം.

കായലിലൂടെ ഒഴുകിനീങ്ങിയ കുരിശ് പള്ളിപ്പുറത്തിനും വൈക്കത്തി നുമിടയ്ക്കുള്ള മാട്ടേൽ തുരുത്തിൽ വന്നടിയുകയും കാലങ്ങൾക്ക് ശേഷം പുല്ലരിയുവാൻ ചെന്ന സ്ത്രീകൾ അത്ഭുതകരമായി അത് കണ്ടെത്തുക യുമായിരുന്നു. അരിവാൾ കുരിശിൽ സ്പർശിച്ചപ്പോൾ രക്തമൊഴുകി. ഭയ വിഹ്വലരായ സ്ത്രീകൾ പള്ളിപ്പുറം കരയിലുള്ളവരെ അറിയിച്ചതനുസരിച്ച് അവർ ചെന്ന് നോക്കിയപ്പോൾ ക്രിസ്ത്യാനികളുടെ ആരാധന വസ്തുവായ കുരിശാണതെന്ന് മനസ്സിലാക്കി. അവർ ഭക്ത്യാദരപൂർവ്വം പള്ളിപ്പുറത്തേയ്ക്ക് വി.കുരിശു കൊണ്ടുവരുകയും കായൽക്കരയിലുള്ള വീട്ടിൽ സൂക്ഷിക്കു കയും ചെയ്തു.

13 ഇഞ്ചോളം നീളവും 8 ഇഞ്ചോളം വീതിയുമുള്ള കടുപ്പമുള്ള ഒരു പലകയിൽ കുരിശിന്റെ ആകൃതിയിലുള്ള ഭാഗം നിലനിർത്തി ബാക്കി ഭാഗം കൊത്തിക്കളഞ്ഞിട്ടുള്ളതാണ് ഈ കുരിശ്. ഇതിന്റെ കുറെ ഭാഗം നഷ്ടപ്പെട്ടു പോകുകയും ബാക്കി ഭാഗം അവിടവിടെ ചിതലെടുത്തു പോയതുപോലെ യുമാണ് ഇന്നു കാണുന്നത്. ഇവയ്ക്ക് രണ്ട് കാരണങ്ങൾ ഉണ്ടെന്നതാണ് ഐതീഹ്യം. ഗുരുതരമായ രോഗങ്ങൾ ഉണ്ടാകുമ്പോൾ ഈ കുരിശ് അല്പം ചീവി വെള്ളത്തിൽ കലക്കിക്കൊടുത്താൽ രോഗങ്ങൾ അത്ഭുതകരമായി സുഖപ്പെട്ടുകൊണ്ടിരുന്നതിനാൽ അപ്രകാരം ചീകിയെടുത്തതുകൊണ്ടാണ് അതിൽ കുറെഭാഗം നഷ്ടപ്പെട്ടു പോയിയെന്നതാണ് ഒന്നാമത്തേത്.

പുരാവസ്തു ആയതിനാൽ അന്നത്തെ വരാപ്പുഴ മെത്രാസന അരമന യിൽ കൊണ്ടുപോയി വെയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് അറി ഞ്ഞപ്പോൾ അത് ഒഴിവാക്കാനായി കുറെക്കാലം പള്ളിമുറിയുടെ ഒരു ഭാഗത്ത് കുരിശ് കുഴിച്ചിട്ടിരുന്നപ്പോൾ ചിതല് തിന്നുവെന്നാണ് മറ്റൊരു വ്യാ ഖ്യാനം. ഏതായിരുന്നാലും വി.തോമാശ്ലീഹ സ്ഥാപിച്ചതും ഇന്ന് അവശേ ഷിക്കുന്നതുമായ ഏക കുരിശ് പള്ളിപ്പുറത്താണ്.

## കുരിശുപുരപ്പള്ളി

വീട്ടിൽ ഈ വിശുദ്ധ കുരിശ് സൂക്ഷിക്കുന്നത് ശരിയല്ല എന്ന് മനസ്സിലാ ക്കിയ വീട്ടുകാർ തങ്ങളുടെ വസ്തുവിന്റെ തെക്ക് ഭാഗത്ത് ഒരു ചെറിയ ആരാ ധനാലയം നിർമ്മിച്ച് അവിടെ കുരിശ് പ്രതിഷ്ഠിച്ചു. മദ്ധ്യകേരളത്തിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയമാണിത്. ഈ ദേവാലയം പല തവണ പുനർ നിർമ്മിക്കപ്പെട്ടു.

അവസാനം 16-ാം നൂറ്റാണ്ടിൽ നിർമ്മിച്ച ദേവാലയമാണ് ഇപ്പോൾ നില നിൽക്കുന്നത്. ഈ ദേവാലയം കുരിശുപുരപ്പള്ളി എന്നാണ് അറിയപ്പെടു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ന്നത്. ഈ ദേവാലയത്തിൽ വിശുദ്ധ കുരിശ് ആദ്യം പ്രതിഷ്ഠിച്ച സ്ഥല ത്തിന്റെയും പ്രാർത്ഥനാലയത്തിന്റെയും സ്മരണ നിലനിർത്തുന്നതിനായി സെപ്റ്റംബർ 14-ാം തീയതി വിശുദ്ധ കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ആഘോഷമായി നടത്തിവരുന്നു.

## മാട്ടേൽ മാർ തോമാ തീർത്ഥാടന കേന്ദ്രം

വിശുദ്ധ കുരിശ് അത്ഭുതകരമായി കണ്ടെത്തിയ മാട്ടേൽ തുരുത്തിലും 16-ാം നൂറ്റാണ്ടിൽ ഒരു ചെറിയ ദേവാലയം പണിതു. ഈ ദേവാലയം അനേകം തീർത്ഥാടകരെ ആകർഷിച്ചുവരുന്നു. ഈ ദേവാലയത്തിൽ എല്ലാവർഷവും ജൂലൈ 2, 3 തീയതികളിൽ വി. തോമാശ്ലീഹായുടെ ദുക്റാന അഥവ ഓർമ്മ ത്തിരുനാൾ കൊണ്ടാടുന്നു. അതോടനുബന്ധിച്ച് ഇവിടെ നടത്തപ്പെടാറുള്ള തിരുക്കർങ്ങൾക്കുശേഷം ഓടിവള്ളങ്ങളുടെ അകമ്പടിയോടുകൂടി വിശുദ്ധ കുരിശും വഹിച്ചുകൊണ്ടുള്ള ജലഘോഷയാത്ര പള്ളിപ്പുറം പള്ളിയിലേക്ക് നടത്താറുണ്ട്. തിരുനാൾ ദിവസങ്ങളിൽ മാട്ടേൽ തുരുത്തിലേയ്ക്ക് പോകു ന്നതിനായി ചങ്ങാട സർവ്വീസും ക്രമീകരിച്ചിരിക്കുന്നു. തിരുനാൾ ദിവസങ്ങ ളിൽ നാടിന്റെ നാനാഭാഗങ്ങളിൽനിന്നും തീർത്ഥാടകർ എത്താറുണ്ട്.

## പരിശുദ്ധ കന്യാമറിയത്തിന്റെ അത്ഭുതചിത്രം

സഭയുടെ ആരംഭകാലം മുതൽ തന്നെ സഭാംഗങ്ങൾ പരി.മറിയത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിച്ചിരുന്നു. പരി.കന്യാമറിയത്തോടുള്ള അതി രറ്റ സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുന്നതിനായി ഒരു ചിത്രമെഴുത്തുകാ രൻ കൂടിയായ വി.ലൂക്കാ ശ്ലീഹായാൽ വരച്ചതും ഇപ്പോൾ റോമിലെ സാംഗ്ത മരിയ മജോറേ ബസലിക്കയിൽ പ്രതിഷ്ഠിച്ചിട്ടുള്ളതുമായ പരി.മറിയത്തിന്റെ ഛായപടത്തിന്റെ പകർപ്പ് വരച്ചുകൊടുക്കുന്നതിനായി ഒരു പോർച്ചുഗീസ് ചിത്രമെഴുത്തുകാരന് 7 പള്ളിക്കാർ ഓർഡർ കൊടുത്തതനുസരിച്ച് വരച്ച ചിത്രങ്ങളിൽ ഒന്നാണ് പള്ളിപ്പുറം പള്ളിയുടെ പ്രധാന അൾത്താരയുടെ മുകൾ ഭാഗത്ത് മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന മാതാവിന്റെ അത്ഭുത ചിത്രം. ഇതിനെ സംബന്ധിച്ച് ഒരു ചരിത്രമുള്ളത് താഴെ ചേർക്കുന്നു.

മേൽപ്പറഞ്ഞ ചിത്രമെഴുത്തുകാരൻ ഒരേ വലിപ്പത്തിൽ ഏഴ് പലകകൾ എടുത്ത് ഓരോന്നിലും ചിത്രമെഴുത്ത് തുടങ്ങി. എന്നാൽ 6 പലകകളിലും ചിത്രങ്ങൾ വരച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ഇങ്ങോട്ടുപോരുന്നതിനുള്ള കപ്പൽ പുറപ്പെടുവാൻ സമയമായതിനാൽ എല്ലാംകൂടി അടുക്കിക്കെട്ടി കപ്പ ലിൽവെച്ച് ഇങ്ങോട്ടുപോന്നു.

ഏഴാമത്തെ ചിത്രം കപ്പലിൽവെച്ചു വരയ്ക്കാമെന്ന് ഉദ്ദ്യേശത്തോടുകൂടി പലകകളുടെ കെട്ടഴിച്ചു നോക്കിയപ്പോൾ അത്ഭുതകരമായി ഏഴാമത്തെ പലകയിലും രൂപം പതിഞ്ഞിട്ടുള്ളതായി കാണുകയുണ്ടായി. ഈ അത്ഭുത ചിത്രം തന്നെയാണ് പള്ളിപ്പുറം പള്ളിയുടെ പ്രധാന അൾത്താരയിൽ പ്രതി ഷ്ഠിച്ചിരിക്കുന്നത് എന്നാണ് വിശ്വാസം.

www.TheCMSIndia.org

## പള്ളിപ്പുറം കൊമ്പ്രേരിയ തിരുനാൾ

പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ ഏഷ്യയിലെ ആദ്യ ദേവാലയമായ പള്ളിപ്പുറം പള്ളിയിലെ സ്വർഗ്ഗാരോപണ തിരുനാൾ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പേരും പെരുമയും ആർജിച്ചതാണ്. കുറവിലങ്ങാട് മുതൽ അർത്തുങ്കൽ വരെയും ആലപ്പുഴ മുതൽ ഇടപ്പള്ളി വരെയും വിശാലമായിരുന്ന ആദ്യകാല വിശ്വാസികളുടെ ആത്മീയ ആഘോഷമായിരുന്നു പള്ളിപ്പുറത്തമ്മയുടെ തിരുനാൾ. തങ്ങളുടെ മാതൃ ദേവാലയത്തിൽ തിരുനാൾ ആഘോഷത്തിനെത്തുന്ന പതിവ് ഇന്നും ഈ വിശ്വാസികൾ തുടരുന്നു.

ഈ ഇടവകാംഗവും വരാപ്പുഴ മെത്രാന്റെ സെക്രട്ടറിയും ആലോചനക്കാരനുമായിരുന്ന പാലയ്ക്കൽ തോമാ മല്പ്പാന്റെ സ്വാധിനത്താൽ ദേവാലയങ്ങളിൽ കൊമ്പ്രേരിയകൾ (ദർശന സമൂഹം) സ്ഥാപിക്കപ്പെട്ടതുമുതൽ തിരുനാൾ നടത്തുന്നത് മാതാവിന്റെ നാമധേയത്തിലുള്ള ദർശന സമൂഹത്തിന്റെ നേതൃത്വത്തിലാണ്. അന്നുമുതൽ ഇവിടുത്തെ തിരുനാൾ കൊമ്പ്രേരിയ തിരുനാൾ എന്നാണ് അറിയപ്പെടുന്നത്.

കൊമ്പ്രേരിയായുടെ തനിമയും ആചാരനുഷ്ഠാനങ്ങളും നിലനിർത്തിക്കൊണ്ട് കൊമ്പ്രേരിയ അംഗമായ പ്രസുദേന്തിയാണ് തിരുനാൾ ഏറ്റെടുത്തു നടത്തുന്നത്. സാന്താമേശ, സാൽവേ ലദീഞ്ഞ്, പ്രസുദേന്തി വാഴ്ച്ച, കപ്ലോൻ വികാരി വാഴ്ച്ച മുതലായ അനുഷ്ടാനങ്ങൾ ഒട്ടും കലർപ്പില്ലാതെ തനിമയോടെ നിലനിർത്തിയാണ് തിരുനാൾ ആഘോഷങ്ങൾ നടത്തിവരുന്നത്. തിരുനാൾ ദിവസങ്ങളിലെ തിരുക്കർമ്മങ്ങളിൽ ദർശന സമൂഹാംഗങ്ങൾ സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ് പങ്കെടുക്കുന്നു.

തിരുനാളിനു മാത്രം പുറത്തെടുക്കുന്ന പള്ളിപ്പുറത്തമ്മയുടെ തിരുസ്വരൂപം വണങ്ങുന്നതിനും പ്രദക്ഷിണത്തിൽ പങ്കുകൊള്ളുന്നതിനുമായി നാനാജാതി മതസ്ഥർ എത്തിച്ചേരാറുണ്ട്. മക്കളില്ലാത്ത ദമ്പതിമാരും വിവാഹം നടക്കാത്ത യുവതി യുവാക്കളും പള്ളിപ്പുറത്തമ്മയുടെ അനുഗ്രഹങ്ങൾ തേടിയെത്തുന്നത് ഇവിടുത്തെ പതിവ് കാഴ്ച്ചയാണ്. ആഗസ്റ്റ് മാസം 1-ാം തീയതി നൊവേനയോടെ തിരുനാൾ ആരംഭിച്ച് 22-ാം തീയതി എട്ടാമിടത്തോടെ അവസാനിക്കുന്നു.

## റഫായാൽ ഫിഗറേദോ സൽഗാദോ മെത്രാൻ

കേരളത്തിലെ പ്രഥമ സുറിയാനി മെത്രാനായിരുന്ന കുറവിലങ്ങാട്ട് പള്ളി വീട്ടിൽ ചാണ്ടി മെത്രാൻ പ്രായാധിക്യമായപ്പോൾ അദ്ദേഹത്തിനു ഒരു സഹായമെത്രാനെ നിയമിക്കണമെന്ന് പരി.സിംഹാസനത്തോടപേക്ഷിച്ചു. അതിന്റെ ഫലമായി കൊച്ചി മിസത്തിന്റെ വികാരി ജനറാളും ഒരു പോർട്ടുഗീസ് വംശക്കാരനുമായിരുന്ന റഫായാൽ ഫിഗറേദോ സൽഗാദോ എന്ന് വൈദികനെയാണ് തെരഞ്ഞെടുത്തത്.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സുറിയാനിക്കാരനായ ഒരു സഹായ മെത്രാനെ വേണമെന്ന് ആഗ്രഹിച്ചിരുന്ന ചാണ്ടിമെത്രാനും ജനങ്ങളും ഇദ്ദേഹത്തെ സർവ്വാത്മന സ്വീകരിക്കുവാൻ മടിച്ചു. അങ്ങനെ സഹായമെത്രാൻ അന്നത്തെ പ്രസിദ്ധ ദേവാലയമായിരുന്ന പള്ളിപ്പുറം പള്ളിയിൽ താമസം തുടങ്ങി. 1670 മുതൽ 1695 ൽ ഒക്ടോബർ 12-ാം തീയതി അദ്ദേഹം മരിക്കുന്നതുവരെ ഇവിടെ താമസിച്ചിരുന്നു. അദ്ദേഹത്തിന്റെ കബറിടം ഇന്നും പള്ളിയുടെ മദ്ബഹയിലുണ്ട്. പെസഹാ വ്യാഴാഴ്ച്ച മാത്രം ഉപയോഗിക്കുന്ന വലിയ മണികാസയും ദു:ഖവെള്ളിയാഴ്ച്ച ദിവസവും വിശുദ്ധ കുരിശിന്റെ പുകഴ്ച്ച ദിനവും മാത്രം ഉപയോഗിക്കുന്ന വിശുദ്ധ കുരിശിന്റെയും 33 വിശുദ്ധരുടെയും തിരുശേഷിപ്പുകൾ അടക്കം ചെയ്യപ്പെട്ടിട്ടുള്ളതുമായ പസ്കിയും ബിഷപ്പ് സൽഗാദോ പള്ളിപ്പുറം പള്ളിക്ക് സമ്മാനിച്ചവയാണ്.

## പാലയ്ക്കൽ തോമാ മല്പ്പാൻ

പാലയ്ക്കൽ തോമാ മല്പ്പാന്റെ ജനനം ഉദ്ദേശം 1780 ൽ ചേർത്തല താലൂക്കിലെ പള്ളിപ്പുറം എന്ന ദേശത്തെ പ്രാചീന വൈദിക കുടുംബത്തിലായിരുന്നു. മാർത്തോമാ ക്രിസ്ത്യാനികളുടെ ആദ്യ സന്യാസ സഭയായ സി.എം.ഐ സഭയുടെ സ്ഥാപക പ്രഥമനും, മാർ തോമാ ക്രിസ്ത്യാനികൾക്കായി നടത്തപ്പെട്ട പള്ളിപ്പുറം സെമിനാരിയുടെ റെക്ടറായിരുന്നു അദ്ദേഹം. തച്ചിൽ അബ്രാഹം മല്പ്പാന്റെ കീഴിൽ അദ്ദേഹം വൈദീക പഠനം നടത്തുകയും 1807ൽ പട്ടമേൽക്കുകയും ചെയ്തു.

പട്ടമേറ്റതിനുശേഷം മാർ തോമാ ക്രിസ്ത്യാനികൾക്കായുള്ള സെക്രട്ടറിയായും മെത്രാന്റെ ആലോചന സഭാംഗമായും നിയമിക്കപ്പെട്ടു. 1815 ൽ സെക്രട്ടറി സ്ഥാനം രാജിവെച്ചതിനുശേഷവും വികാരി അപ്പസ്തോലിക്കമാരുടെ ആലോചനക്കാരനായി തുടർന്നു.

കേരളത്തിലെ കത്തോലിക്കാ സഭയിൽ പല പരിഷ്ക്കരണങ്ങൾക്കും അദ്ദേഹം കാരണഭൂതനായി. അച്ചന്മാരും ശെമ്മാശ്ശന്മാരും ളോഹ ധരിക്കുന്ന പതിവ് ഏർപ്പെടുത്തി. മെത്രാന്മാർ ഇടവകകളിൽ പള്ളി വിസീത്ത നടത്തുന്ന പതിവ് തുടങ്ങി. കുമ്പസാരക്കൂട് എല്ലാ പള്ളികളിലും നിർബന്ധമാക്കി. പള്ളികളോട് ചേർന്ന് അടച്ചുറപ്പുള്ള സെമിത്തേരികൾ പണിതു. മാർ തോമാ ക്രിസ്ത്യാനികളുടെ പള്ളികളിൽ ദർശന സമൂഹം, ദർശന പെരുന്നാൾ എന്നിവ ലത്തീൻ പള്ളികളിൽ നിന്നും കടം കൊണ്ട് തുടങ്ങി.

സെക്രട്ടറി പദം ഒഴിഞ്ഞശേഷം 1818 ൽ അദ്ദേഹം പള്ളിപ്പുറത്തേയ്ക്ക് മടങ്ങുകയും, പള്ളിപ്പുറം സെമിനാരിയുടെ മല്പ്പാനായി ചുമതല ഏൽക്കുകയും ചെയ്തു. വരാപ്പുഴവികാരിയത്തിൽ സെക്രട്ടറിയും ആലോചനക്കാരനുമായ പള്ളിപ്പുറം മംഗലത്ത് ചാണ്ടിയായിരുന്നു ആദ്യ ശിഷ്യൻ. പള്ളിപ്പുറം സെമിനാരിയിൽ ചേർന്നവരിൽ 13 വയസ്സുള്ള, പിന്നീട് വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനും ഉണ്ടായിരുന്നു. മല്പ്പാൻ ഇദ്ദേഹത്തെ ഒരു മകനെ എന്നപോലെ വളർത്തുകയും ആത്മീയ അവ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാശിയായി കരുതുകയും ചെയ്തു. ചെറുപ്പം മുതലെ തപോനിഷ്ഠമായ ദിനചര്യയും ആഹാരക്രമവും അദ്ദേഹം പാലിച്ചിരുന്നു. ശെമ്മാശ്ശന്മാർക്കായി ക്രമച്ചട്ടം രചിക്കുകയും മറ്റാരേക്കാളും നിഷ്കർഷതയോടെ അത് സ്വയം പിൻതുടരുകയും ചെയ്തു.

അദ്ധ്യാപനവും പഠനവും ജീവിതാന്തസായി കരുതിയ മല്പ്പാൻ തന്റെ ജീവിതം തദ്‌ലക്ഷ്യങ്ങൾക്കായി ഉഴിഞ്ഞുവെച്ചു. തന്റെ സെമിനാരിയിൽ മാതൃകാപരമായ ഒരു ഗ്രന്ഥശേഖരം ഉണ്ടായിരിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഭാഷകളിൽ അദ്ദേഹത്തിന് സവിശേഷ താല്പര്യം ഉണ്ടായിരുന്നു. തമിഴ് സ്വയം പഠിച്ച് തമിഴിലെ ആത്മീയ ഗ്രന്ഥങ്ങൾ അദ്ദേഹം മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തി. തന്മൂലം നർമ്മത്തിൽ പാണ്ടി മല്പ്പാൻ എന്ന് അദ്ദേഹം വിളിക്കപ്പെടാൻ തുടങ്ങി. തന്റെ ശിഷ്യന്മാരെ ലത്തീൻ പോലുള്ള ഇതര ഭാഷകൾ പഠിക്കുവാനായി വിദേശ പാതിരിമാരുടെ ശിക്ഷണത്തിനായി അദ്ദേഹം അയക്കുകയും ചെയ്തു.

വൈദികരുടെ ആത്മീയ പോഷണത്തിനും അത്മായരുടെ വിശുദ്ധീകരണത്തിനും ഡൊമിനിക്കൻ സഭയുടെ മാതൃകയിലുള്ള ഒരു സന്യാസ സമൂഹം ഉണ്ടാകണമെന്നുള്ളത് അദ്ദേഹത്തിന്റെ വലിയ ആഗ്രഹമായിരുന്നു. തന്റെ സമകാലികനായിരുന്ന പോരൂക്കര തോമാച്ചനുമായും ശിഷ്യനായ ചാവറ കുര്യാക്കോസ് അച്ചനുമായും ഈ ആഗ്രഹം പങ്കുവെയ്ക്കുകയും അതിനായി പരിശ്രമിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഫലമായിട്ടാണ് 1831-ൽ മാന്നാനത്ത് ആശ്രമം സ്ഥാപിക്കുന്നത്.

സ്റ്റെബലീനി മെത്രാന്റെയും പാലയ്ക്കൽ മല്പ്പാന്റെയും ചാവറയച്ചന്റെയും വിശുദ്ധ സാന്നിദ്ധ്യത്തിൽ പോരൂക്കര അച്ചനാണ് ആശ്രമത്തിന് കല്ലിട്ടത്. വി.ചാവറ പിതാവ് തന്റെ മല്പ്പാനെയാണ് സന്യാസ സമൂഹത്തിന്റെ സ്ഥാപ കനായി പരിഗണിച്ചിരുന്നത്. പണ്ഡിതനും താപസനും ക്രാന്തദർശിയും ആത്മീയ ആചാര്യനുമായിരുന്ന പാലയ്ക്കൽ തോമാ മല്പ്പാൻ 1841 ജനുവരി 16ന് കർത്താവിൽ നിദ്രപ്രാപിച്ചു. ഒരു മെത്രാനടുത്ത ബഹുമാനാദരവുകളോടെ പള്ളിപ്പുറം പള്ളിയുടെ മദ്ബഹയിൽ കബറടക്കി.

## പുരാതന വസ്തുക്കളുടെ അപൂർവ്വ കലവറ

പൗരാണിക കാലങ്ങളിലെ പള്ളിപ്പുറം പള്ളിയുടെ ചരിത്രം ഹീബ്രു, തമിഴ് മുതലായ ഭാഷകളിൽ കരിങ്കല്ലിൽ കൊത്തിയിരിക്കുന്നത് പള്ളിയുടെ കിഴക്കുവശത്ത് പ്രദർശിപ്പിച്ചിരിക്കുന്നു. കേരളത്തിലെ പ്രധമ സുറിയാനി മെത്രാനായിരുന്ന പറമ്പിൽ ചാണ്ടിമെത്രാന്റെ സഹായമെത്രാനായി 1670 മുതൽ 1695 വരെ ഭരണം നടത്തിയ ബിഷപ്പ് റഫായേൽ ഫിഗരദോ സൾഗാദോയുടെയും സി.എം.ഐ സഭാ സ്ഥാപകനായ പാലയ്ക്കൽ തോമാ മല്പ്പാന്റെയും കബറിടങ്ങൾ പള്ളിയുടെ അൾത്താരയിലാണ്. ബിഷപ്പ് ഉപയോഗിച്ചിരുന്ന അതിമനോഹരമായ കാസയും അരുളിയ്ക്കയും വി.കുരിശി



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ന്റെയും 33 വിശുദ്ധരുടെയും തിരുശേഷിപ്പടങ്ങുന്ന പസ്കിയും ഇവിടെ സൂക്ഷിക്കുന്നു. പള്ളിപ്പുറത്തെ പുരാതന സെമിനാരിയുടെ മല്പ്പാന്മാർക്കും വിദ്യാർത്ഥികൾക്കുമായി നിർമ്മിച്ച നെല്ലിപ്പലക പാകിയ കിണർ ഇന്നും സംരക്ഷിച്ചുപോരുന്നു. വി. ചാവറയച്ചൻ വികാരിയായിരുന്നപ്പോൾ ദിവ്യ ബലി അർപ്പിച്ചിരുന്ന ബലിപീഠവും, മാമോദീസ മുക്കിയിരുന്ന ഒററക്കല്ലിൽ തീർത്ത മാമോദീസ തൊട്ടിയും, പോർച്ചുഗീസ് തച്ചുശാസ്ത്രജ്ഞന്മാരുടെ സഹായത്താൽ പൂർണ്ണമായും തടിയിൽ നിർമ്മിക്കപ്പെട്ട ശില്പചാതുര്യം നിറഞ്ഞ നൂറ്റാണ്ടുകൾ പഴക്കമുള്ള അൾത്താരകൾ പള്ളിപ്പുറം പള്ളിയുടെ പ്രത്യേകതയാണ്. ■

## വിശുദ്ധ ചാവറയച്ചന്റെ നാളാഗമത്തിൽ നിന്ന്

"ബഹുമാനപ്പെട്ട ഞങ്ങളുടെ പള്ളിപ്പുറത്തെ പാലക്കൽ തോമാ എന്ന പേർ വിളിക്കപ്പെട്ട മല്പാനച്ചനോടു കൂടെ പഠിച്ചതിൽ ഒരുത്തൻ, കറയപ്പെട്ടവൻ, ചാവറ കുര്യാക്കോസ് കത്തനാർ എഴുതിയത്.

പൈതൽ പ്രായം മുതൽ ആത്മത്തിനടുത്തും ശരീരത്തിനടുത്തുമായ രണ്ട് സംഗതികളിലും അദ്ദേഹം തന്നെ അന്വേഷിച്ച് നടത്തിയും പഠിപ്പിച്ചും വളർത്തിയും അദ്ദേഹത്തിന്റെ മരണം വരെയും മാംസത്തിനടുത്ത സ്വന്തക്കാരിലും അരൂപിക്കടുത്ത മക്കളായ ശിഷ്യരിലും അധികമായിട്ടുള്ള താല്പര്യവും എന്റെ മേൽ വച്ച്, ആ ദേഹത്തിന്റെ സമ്പത്തിനവകാശി എന്നതുപോലെ താല്പര്യം വച്ചും, സ്നേഹിച്ചും, ഈ സമ്പത്തായ കൊവേന്തയുടെ വേലയ്ക്ക് എന്നെ ചുമതലപ്പെടുത്തി...*

...1841-ാം കാലം മകരം 16-ാം ശനിയാഴ്ച അതായത് വെള്ളിയാഴ്ച പാതിരാകഴിഞ്ഞ് ഞങ്ങളുടെ മല്പാനച്ചന് സഭയുടെ സ്ഥാപകനുമായ പള്ളിപ്പുറത്ത് പാലക്കൽ തോമാച്ചൻ മരിച്ചു. 41-വരെ ദിവസേന അവിടെ റാസ ചൊല്ലി. പിന്നെയും 28-തോറും ചൊല്ലി. അവരവര് പാർക്കുന്ന ഇടങ്ങളിൽ തിങ്കളാഴ്ച തോറും ഓരോ റാസയും, 356 കുർബാനയും ചൊല്ലുവാൻ നിശ്ചയിച്ചു. ആയതിന് പട്ടക്കാരുടെ പേർക്ക് 120 ചക്രവും വീതമെടുത്തു. ഇതുകൊണ്ട് നാല്പത്തിയൊന്നും കഴിച്ച് 3000 ചക്രം കുർബാനയുടെ വകയ്ക്ക് ഇട്ടിരുന്നു. കബറടക്കത്തിന് പള്ളിപ്പുറം, മുട്ടം, തത്തംപള്ളി, ആലപ്പുഴ, ചേന്നങ്കരി, ചമ്പക്കുളം, എടത്വാ ഇങ്ങനെ ദർശനക്കാരും അവുരടെ കുരിശു മുതലായവയും തൈക്കാട്ടുശ്ശേരി, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ ഇങ്ങനെയുള്ള ഇടവക വക സാധനങ്ങളും കൊണ്ടുവന്നു."

*അവലംബം:

വിശുദ്ധ ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ നാളാഗമങ്ങൾ.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

| പള്ളിപ്പുറം പള്ളിയിലെ വി. കുർബാന സമയം | |
|---|---|
| തിങ്കൾ മുതൽ വെള്ളിവരെ | രാവിലെ 6നും 7നും |
| ശനി (മാതാവിന്റെ നൊവേന) | രാവിലെ 6.30നും വൈകീട്ട് 5നും |
| ഞായർ | രാവിലെ 7ന്, 9.30ന് |

**രണ്ടാം ശനി**

3.30 P.M വി.കുർബാന, ആരാധന, മാതാവിന്റെ നൊവേന, ജപമാല റാലി

| | ഒറ്റപ്പുന്ന കുരിശുപള്ളി | കേളമംഗലം കുരിശുപള്ളി |
|---|---|---|
| ഞായർ | 5 P.M | 6.45 A.M |
| ബുധൻ | 5 P.M | |
| മാസാദ്യ വെള്ളി | 5 P.M | |
| വെള്ളി | | 5.15 P.M. |

**പ്രധാന തിരുനാൾ**

| | | |
|---|---|---|
| പള്ളിപ്പുറം | ആഗസ്റ്റ് 14, 15 | എട്ടാമിടം: ആഗ. 22 |
| മാട്ടേൽ പള്ളി | ജൂലൈ 2,3 | |
| കുരിശുപുര പള്ളി | സെപ്തംബർ 14 | വി.കുരിശിന്റെ പുകഴ്ച്ച |

# സെന്റ് മേരീസ് ഫൊറോനാ പള്ളി


**പള്ളിപ്പുറം പി.ഒ., ചേർത്തല, ആലപ്പുഴ പിൻ. 688 541**

Tel. 0478 2552246,

e-mail:pallippurathamma@gmail.com

www.pallippurathamma.net

**ROUTE MAP**







www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



വി. ചാവറ കുര്യാക്കോസ് ഏല്യാസ് അച്ചൻ 1818 മുതൽ 1829 വരെ ഇവിടെ വൈദിക വിദ്യാർത്ഥിയായി പരിശീലനം നേടി. 1832 മുതൽ ഇവിടെ



വികാരിയായി സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം ഉപയോഗിച്ചിരുന്ന ഒറ്റക്കല്ലിൽ തീർത്ത മാമോദീസാ തൊട്ടിയും ദിവ്യബലിയർപ്പിച്ചിരുന്ന ബലിപീഠവും.
കൂടാതെ സെമിനാരി പുനർ നിർമ്മച്ചിട്ടുണ്ട്.




വി.ചാവറയച്ചനും പാലയ്ക്കൽ മൽപ്പാനും ശെമ്മാശന്മാരും ഉപയോഗിച്ചിരുന്ന അതിപുരാതന കിണർ



പള്ളിപ്പുറത്തിന്റെ പഴമ വിളിച്ചോതുന്ന പുരാതന ശിലാലിഖിതങ്ങൾ



വി.ചാവറപിതാവ്
ഇവിടെ വികാരിയായിരുന്നപ്പോൾ
പ്രസംഗിച്ചിരുന്ന
(പുനർനിർമ്മിച്ച) പ്രസംഗപീഠം



16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് തച്ചുശാസ്ത്രജ്ഞരാൽ പണിയപ്പെട്ടതും വി.ചാവറ പിതാവ് ബലിയർപ്പിച്ചിരുന്നതുമായ മദ്ബഹ

ബിഷപ്പ് റഫായേൽ ഫിഗരേദോ സൽഗാദോ:
1670 മുതൽ 1695 വരെ അങ്കമാലി രൂപത സഹായ മെത്രാൻ അവസാന കാലത്ത് പള്ളിപ്പുറത്ത് താമസിച്ച് മരിച്ച് ഇവിടത്തെ മദ്ബഹയിൽ അന്ത്യവിശ്രമംകൊള്ളുന്നു. അദ്ദേഹം ഉപയോഗിച്ചിരുന്ന മനോഹരമായ കാസയും 33 വിശുദ്ധരുടെ തിരുശേഷിപ്പ് ഉൾക്കൊള്ളുന്ന പേടകവും ഇവിടെ പൂജ്യമായി സൂക്ഷിക്കുന്നു.



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




സി.എം.ഐ സഭയുടെ സ്ഥാപകനും പള്ളിപ്പുറം സെമിനാരി റെക്ടറും
വി.ചാവറയച്ചന്റെ ആത്മീയ പിതാവുമായ പാലയ്ക്കൽ
തോമാ മല്പാൻ പള്ളിപ്പുറം ഇടവകാംഗമായിരുന്നു. ഇദ്ദേഹം
അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടത്തെ മദ്ബഹയിലാണ്.(1780-1841)



വി.ചാവറപിതാവ് പഠിച്ച സെമിനാരി



നവീകരിച്ച സെമിനാരി

കാരുണികൻ ബുക്സ്
പെരുമാനൂർ പി.ഒ., കൊച്ചി - 15
ഫോൺ: 91-484-2665233
e-mail: karunikan@rediffmail.com

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS